# അകത്താളുകളിൽ


ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ....

കെ.എ.ഫിലിപ്പ് ............ 3

അപ്പൊസ്തലന്മാരുടെ പ്രവൃത്തി ...

വി.പി. ജേക്കബ് ............ 4

പരിണാമ സൃഷ്ടി വിവാദം

ഡോ. ജോൺസൺ ജോർജ്ജ് ............ 7

സ്നാപക യോഹന്നാൻ ...

പി.റ്റി.തോമസ് ............ 10

പുതിയ സൃഷ്ടി

എം.റ്റി. ജോർജ്ജ് ............ 11

..... ഒരു കർത്തൃമേശാചരണം

ജോർജ്ജ് സി.വർഗീസ് ............ 13

ചുങ്കക്കാരൻ മത്തായി

കെ.വി. ജോൺ ............ 15

യൗവ്വനകാലത്ത്... ഓർത്തുകൊൾക

കുഞ്ഞമ്മ ചാക്കോ ............ 17

മാളികമുറി പ്രഭാഷണം

ഡോ. ഒ.എം. സാമുവേൽ ............ 18

തിമൊഥെയൊസിന് എഴുതിയ ....

ജേക്കബ് തോമസ് ............ 20

ബൈബിൾ പ്രശ്നാവലി ............ 21

വാർത്തകളും, കുറിപ്പുകളും 23


## *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചു തരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVII** **No.3**

## 2008 മാർച്ച്

***പത്രാധിപസമിതി***

കെ. എ. ഫിലിപ്പ്

ഡോ. ഓ.എം. ശാമുവേൽ

ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***

സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***

***നെല്ലിമല*** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്

ഫോൺ : 0469 2663304, 94476 00304

***പ്രിന്റിങ്ങ്***

എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ

ഫോൺ: 0464 2 350320

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)

വിദേശത്ത് : 500 രൂപ (മുൻകൂർ)

*ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം*

ഡോ.ഓ. എം. ശാമുവേൽ

പി.ബി.നമ്പർ - 46

സുവിശേഷാലയം

പത്തനംതിട്ട - 689 645

ഫോൺ: 0468 2 224045

വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം

മാനേജർ

ആത്മപ്രകാശിനി

പി.ബി.നമ്പർ : 10

കുമ്പനാട് 689 547

ഫോൺ : 0469 2664314 (O)

0469 2664925 (R)

www.athmaprakashini.com

kcjohnson3000@gmail.com

# ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ വളരുക

കെ.എ.ഫിലിപ്പ്

പത്രൊസ് അപ്പൊസ്തലൻ തന്റെ രണ്ടാം ലേഖനം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്: *"കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ"* ഒരു വിശ്വാസി വളരണമെന്നും അത് ദൈവകൃപയിലും ക്രിസ്തുവിന്റെ പരിജ്ഞാനത്തിലും ആയിരിക്കണമെന്നുമാണ് അപ്പൊസ്തലന്റെ പ്രബോധനം. വളരെ ചിന്താർഹമായ ഈ ഉപദേശത്തിന്റെ ആദ്യ ഭാഗമായ കൃപയിലെ വളർച്ചയെപ്പറ്റി കഴിഞ്ഞ ഡിസംബർ ലക്കത്തിലെ പത്രാധിപലേഖനത്തിൽ അല്പം വിശകലനം ചെയ്യുകയുണ്ടായി. അതിന്റെ തുടർച്ചയായി *'ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ വളരുക'* എന്ന ഭാഗമാണ് ഇത്തരുണത്തിൽ ചിന്താവിഷയമാക്കുന്നത്.

വളർച്ച ജീവന്റെ സവിശേഷതയാണ്. അത് ആരോഗ്യത്തിന്റെ ലക്ഷണം കൂടെയാണുതാനും. എന്നാൽ എല്ലാ വളർച്ചയും ആരോഗ്യകരമല്ല. രോഗാധിഷ്ഠിത വളർച്ചകളുണ്ട്; ക്യാൻസർ പോലെ. ശരീരകോശങ്ങളുടെ ക്രമം കെട്ടതും ആനുപാതികമല്ലത്തതുമായ വളർച്ചകളാണ് അതൊക്കെ. ആത്മീയ വളർച്ചയിലും ഈ ദൃശ അനാരോഗ്യകരമായ വളർച്ചയുണ്ടാകാം. *"അറിവു ചീർപ്പിക്കുന്നു, സ്നേഹമോ ആത്മീയ വർദ്ധന വരുത്തുന്നു"* (1 കൊരി. 8:1). ആരോഗ്യകരവും അനാരോഗ്യകരവുമായ രണ്ടു തരം വളർച്ചകളെയാണ് ഈ ഒരു വാക്യത്തിൽ കൂടി പൗലൊസ് നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സ്നേഹരഹിതമായ അറിവ് അഥവാ ക്രിസ്തുവിൽ നിന്നല്ലാത്ത അറിവാണ് ഒന്ന്. അത് "ചീർപ്പിക്കുന്നു." എന്നാൽ സ്നേഹം ആത്മീയ വർദ്ധന അഥവാ വളർച്ചയുണ്ടാക്കുന്നു. ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ നിന്ന് അല്ലാത്ത വളർച്ച നമ്മുടെ "ജഡത്തിന്" അതിഭാരം (overweight) ഉണ്ടാക്കും. ക്രൂശിക്കപ്പെടേണ്ട "ഞാൻ" പോഷിപ്പിക്കപ്പെടുകയാകും ഫലം. "സ്വസ്നേഹം" അതിന്റെ ഒരു പാർശ്വഫലമായി വന്നു നമ്മുടെ 'പുതിയമനുഷ്യന്' വലിയ പ്രയാസങ്ങളുണ്ടാക്കും. ഇവിടെയാണ് ക്രിസ്തുവിന്റെ പരിജ്ഞാനത്തിലുള്ള വളർച്ചയുടെ പ്രസക്തി. ക്രിസ്തുവിന്റെ പരിജ്ഞാനത്തിലാണ് നാം വളരുന്നതെങ്കിൽ അനുദിനം നാം ക്രിസ്തുവിന് അനുരൂപരായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കും. മാത്രമല്ല ക്രിസ്തുവിന്റെ സ്നേഹം നമ്മെ ഭരിക്കുകയും ആ സ്നേഹം നമ്മുടെ ജീവിത ശൈലിയായിത്തീരുകയും ചെയ്യും.

വളരേണ്ടത് നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലാണല്ലോ. എന്താണു ക്രിസ്തുവിന്റെ പരിജ്ഞാനം? *ക്രിസ്തുവിനെക്കുറിച്ചുള്ള* പരിജ്ഞാനം എന്നു പറഞ്ഞാൽ ആശയം അപൂർണ്ണമായിരിക്കും. ക്രിസ്തു എന്ന വ്യക്തിയെ അനുഭവിച്ച് അറിയുന്നതിൽ നിന്നുണ്ടാകുന്ന പരിജ്ഞാനമാണ് ഇവിടെ വിവക്ഷിക്കുന്നത്. "യഹോവ നല്ലവൻ എന്നു ***രുചിച്ചറിവിൻ,"*** എന്നു പറയുന്നതിലെ പ്രായോഗിക അറിവ്. വായിച്ചറിവല്ല, പഠിച്ചറിവുമല്ല, അനുഭവിച്ചറിവ്. ക്രിസ്റ്റോളജിയല്ല - അതു നല്ലതു തന്നെ, വേണ്ടതുമാണ് - പ്രത്യുത: ക്രിസ്തു തന്നെ. പൗലൊസ് ഇങ്ങനെ പറയുന്നു: *"ഞാൻ ക്രിസ്തുവിനെ നേടേണ്ടതിന്നും . . . അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും* ***അനുഭവിച്ചറിയേണ്ടതിന്നും*** *. . . എല്ലാം ഉപേക്ഷിച്ച് ചവറെന്നെണ്ണുന്നു"*(ഫിലി. 3:8-12).

ക്രിസ്തുവിന്റെ പരിജ്ഞാനത്തിലൂന്നിയ വളർച്ചയ്ക്ക് ചില ത്യാഗങ്ങൾ ആവശ്യമാണ്. എണ്ണിത്തിട്ടപ്പെടുത്തി വെച്ചിരിക്കുന്ന ചില 'ലാഭ'ങ്ങൾ നഷ്ടങ്ങളായി എഴുതി തള്ളണം. എന്നിട്ട് ക്രിസ്തുവിനെ അറിയുന്നത് അഥവാ നേടുന്നത് ഏറ്റവും വലിയ ലാഭമായി കരുതണം. അതാണ് സാഹസം, അതാണ് ആവേശം! പൗലൊസിന്റെ ജീവിത ലക്ഷ്യം ക്രിസ്തുവിനെ അനുഭവിച്ചറിയുക എന്നുള്ളതായിരുന്നു. അതിന്റെ ഫലമായി കർത്താവിന്റെ കഷ്ടാനുഭവങ്ങളും പുനരുത്ഥാനശക്തിയും പൗലൊസ് സ്വജീവിതത്തിൽ അനുഭവിച്ചറിയുകയാണു ചെയ്തത്. ഇതാണ് യഥാർത്ഥ പരിജ്ഞാനത്തിലെ യഥാർത്ഥ വളർച്ച.

ക്രിസ്തുവിന്റെ പരിജ്ഞാനത്തിലുള്ള വളർച്ചയാണ് ഒരു വിശ്വാസിയെ ആത്മീയ പക്വതയിലേക്കു നയിക്കുന്നത്. ഈ പക്വത വിശ്വാസിയുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും പ്രതിഫലിക്കും എന്നുള്ളതിനു സംശയമില്ല. ആത്മാവിന്റെ ഫലങ്ങളായും അതു ദൃശ്യമാകുക തന്നെ ചെയ്യും. എന്നാൽ മറ്റൊരു രീതിയിലും ഈ ക്രിസ്തുപരിജ്ഞാനിയെ ലോകം അറിയും. അത് ഇങ്ങനെയാണ്; പൗലൊസിന്റെ വാക്കുകൾ: *"ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലാടത്തും*

# "അപ്പൊസ്തലന്മാരുടെ പ്രവൃത്തി"കളിലെ സ്വർണ്ണമണികൾ-15

വി.പി. ജേക്കബ്, തിരുവനന്തപുരം

## 11. പൗലൊസ് അപ്പൊസ്തലന്റെ സഹപ്രവർത്തകനായ തിമൊഥെയൊസ്. (തുടർച്ച)

തിമൊഥെയൊസ്, ബർന്നബാസ്, ശീലാസ് മുതലായവരെപ്പോലെ പൗലൊസ് അപ്പൊസ്തലന്റെ സഹപ്രവർത്തകൻ ആയിരുന്നു. "എന്റെ കൂട്ടുവേലക്കാരനായ തിമൊഥെയൊസ്" (റോമർ 16:21). "തിമൊഥെയൊസ് വന്നാൽ അവൻ നിങ്ങളുടെ ഇടയിൽ നിർഭയനായിരിപ്പാൻ നോക്കുവിൻ. എന്നെപ്പോലെതന്നെ അവൻ കർത്താവിന്റെ വേല ചെയ്യുന്നുവല്ലോ" (1 കൊരി. 16:10). "നിങ്ങളെ സംബന്ധിച്ച് പരമാർത്ഥമായി കരുതുവാൻ തുല്യചിത്തനായി എനിക്ക് മറ്റാരുമില്ല" (ഫിലി 2:20). മുകളിൽ ഉദ്ധരിച്ച തിരുവെഴുത്തുകൾ വ്യാഖ്യാനം ആവശ്യമില്ലാതവണ്ണം സ്വയം സ്പഷ്ടമാണ്. തിമൊഥെയൊസ് എത്രവേഗം കൃപയിലും പരിജ്ഞാനത്തിലും വളർന്ന് പ്രായത്തിൽ കവിഞ്ഞ ഒരു ആത്മീക മാനദണ്ഡം പ്രാപിച്ചു എന്ന വസ്തുതയാണ് പ്രസ്തുത തിരുവെഴുത്തുകൾ തെളിയിക്കുന്നത്. കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനത്തിന്റെ രചനയിൽ തിമൊഥെയൊസിനെക്കൂടി ബ്രാക്കറ്റ് ചെയ്തിരിക്കുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. പൗലൊസ് ഫിലിപ്പിയിലെ വിശ്വാസികളുടെ ആത്മീക പിതാവ് ആയിരുന്നു. എനിക്ക് ദിവസേന സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്'' എന്ന് പൗലൊസ് സ്വാനുഭവം സാക്ഷിക്കുന്നു. വിശ്വാസികളെക്കുറിച്ച് കരുതുന്ന കാര്യത്തിൽ പൗലൊസിന്റെ മനസ്സുപോലുള്ള ഒരു മനസ്സായിരുന്നു തിമൊഥെയൊസിനും ഉണ്ടായിരുന്നത്. അത്തരം കരുതലുള്ള മറ്റാരെയും പൗലൊസ് കണ്ടില്ല.

ഈ ബന്ധത്തിൽ ശലോമോൻ രാജാവിന്റെ മുമ്പിൽ വ്യവഹാരത്തിനായി വന്ന 2 സ്ത്രീകളുടെ കഥയാണ് ഓർമ്മയിൽ വരുന്നത്. കുഞ്ഞിന്റെ അമ്മയല്ലാത്തവൾ കുഞ്ഞിനെ രണ്ടായി പിളർക്കണമെന്ന് ആവശ്യപ്പെട്ടു. കുഞ്ഞിന്റെ അമ്മ കുഞ്ഞിന് അത്തരത്തിലുള്ള ഒരു ദുർമരണം ഉണ്ടാകുന്നതിന് ഒട്ടും ആഗ്രഹിച്ചില്ല. കുഞ്ഞ് ജീവനോടെ സുരക്ഷിതമായിരിക്കണം എന്നായിരുന്നു അവളുടെ ആഗ്രഹം. അതുകൊണ്ടായിരുന്നു കുഞ്ഞിനെ മറ്റവൾക്ക് കൊടുക്കുവാൻ അവൾ സമ്മതിച്ചത്. വിശ്വാസികളുടെ ഇടയിൽ ആത്മീകരും ജഡികരുമുണ്ട്. സഭകൾക്ക് കേടുവരുന്നതിനെക്കുറിച്ച് ഒട്ടും ചിന്തയില്ലാത്തവരാണ് ജഡികരായ വിശ്വാസികൾ. എന്നാൽ സഭകളുടെ സുസ്ഥിതിയും അഭിവൃദ്ധിയും കരുതുന്നവരാണ് ആത്മീകരായ വിശ്വാസികൾ. ഇക്കാര്യത്തിൽ നമുക്ക് പൗലൊസിന്റെയും തിമൊഥെയൊസിന്റെയും നല്ല മാതൃക അനുകരിക്കാം.

ദൈവജനത്തെ ഉപദേശിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നതിനുള്ള കഴിവ് തിമൊഥെയൊസിനുണ്ടായിരുന്നു. "ആകയാൽ സഹിച്ചുകൂടാഞ്ഞിട്ട് ഞങ്ങൾ അഥേനയിൽ തനിച്ചിരിക്കേണ്ടി വന്നാലും വേണ്ടതില്ല എന്നുവച്ച് ഈ കഷ്ടങ്ങളിൽ ആരും കുലുങ്ങിപ്പോകാതിരിക്കേണ്ടതിന് നിങ്ങളെ സ്ഥിരപ്പെടുത്തുവാനും നിങ്ങളുടെ വിശ്വാസം സംബന്ധിച്ച് പ്രബോധിപ്പിപ്പാനുമായിട്ട് നമ്മുടെ സഹോദരനും ക്രിസ്തുവിന്റെ സുവിശേഷഘോഷണത്തിൽ ദൈവത്തിന്റെ ശുശ്രൂഷകനുമായ തിമൊഥെയൊസിനെ അയച്ചു" (1. തെസ്സ. 3:1-3). "ഇതു നിമിത്തം കർത്താവിൽ വിശ്വസ്തനും എന്റെ പ്രിയമകനുമായ തിമൊഥെയൊ

---

*ഞങ്ങളെക്കൊണ്ട് **തന്റെ പരിജ്ഞാനത്തിന്റെ വാസന** വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം*" (2 കൊരി. 2:14). ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ വളരുന്ന ഒരു വിശ്വാസിയുടെ സാന്നിദ്ധ്യം ക്രിസ്തുവിന്റെ സൗരഭ്യം പരത്തുമെന്നാണ് പറയുന്നത്. "അവിടെ ഒരു "ക്രിസ്തു ജീവിക്കുന്നു" എന്നു സമീപസ്ഥർ പറഞ്ഞു പോകുന്ന ഒരു ജീവിതത്തിന്റെ ഉടമയാകും ആ വ്യക്തി. ചുരുക്കത്തിൽ ഒരു സുരഭില സാക്ഷ്യജീവിതം കൊണ്ട് ക്രിസ്തു പരിജ്ഞാനി ശ്രദ്ധേയനാകും. നമ്മുടെ കർത്താവിന്റെ ആത്മസൗരഭ്യത്തിന്റെ ഒരു സൂചന ഉത്തമഗീതത്തിൽ ഇങ്ങനെയുണ്ട്, "*നിന്റെ നാമം പകർന്ന തൈലം പോലെയിരിക്കുന്നു*" (1:2). വിശ്വാസിക്ക് ഈ "ക്രിസ്തുവാസന" ഉണ്ടാകുന്നതു കേവലം സ്വാഭാവികം.

കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുക എന്നുള്ളതാണ് ദൈവമക്കളായ നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ അതിയായ ആഗ്രഹം. വളരാത്ത മക്കൾ മാതാപിതാക്കന്മാർക്ക് തീരാദുഃഖമായിരിക്കും. നാം വളർന്നു, വളർന്ന് തലയായ ക്രിസ്തുവിനോളം ആകേണം എന്നാണു ദൈവത്തിന്റെ താല്പര്യം. അതിന് ആവശ്യമായ കരുതൽ ദൈവം നമുക്കുവേണ്ടി ചെയ്തിട്ടുണ്ട്. അത് ഉപയോഗപ്പെടുത്തുക എന്നുള്ളതാണ് നമ്മുടെ ചുമതല. "*ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ടിരിക്കുന്ന*" (കൊലൊ. 2:3) അല്ല, "*ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്ന*" (കൊലൊ. 2:9) നമ്മുടെ കർത്താവിനെ അനുഭവിച്ചറിയുന്നതിലും അപ്പുറമൊരു നിർവൃതി ഇല്ല തന്നെ. ●

സിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു" (1 കൊരി. 4:17). തിമൊഥെയൊസും ശീലാസിനെപ്പോലെ വിശ്വസ്തനായിരുന്നു. അനുകൂലവും പ്രകാശമുള്ളതുമായ പരിതസ്ഥിതികളിൽ സ്ഥിരമായും കുലുങ്ങാതെയും നിൽക്കുന്ന വിശ്വാസികൾ പ്രതികൂലവും ഇരുണ്ടതുമായ ചുറ്റുപാടുകളിൽ അകപ്പെടുമ്പോൾ കുലുങ്ങിപ്പോകാനുള്ള സാദ്ധ്യതയുണ്ട്. കർത്താവിനെക്കുറിച്ച് അനുഗ്രഹിതമായ സാക്ഷ്യം പ്രഖ്യാപിച്ച യോഹന്നാൻ സ്നാപകൻ കാരാഗൃഹത്തിലായപ്പോൾ "വരുവാനുള്ളവൻ നീയോ, ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കയോ'' എന്ന് തന്റെ ശിഷ്യന്മാരെ അയച്ച് കർത്താവിനോട് ചോദിപ്പിച്ചു. കഷ്ടതയെക്കുറിച്ചുള്ള തിരുവെഴുത്തുകളുടെ ഉപദേശം ശരിയായി മനസ്സിലാക്കിയില്ലെങ്കിൽ ഏതു വിശ്വാസിയും കുലുങ്ങിപ്പോകും. യോഹന്നാൻ സ്നാപകനെപ്പോലെയുള്ള ഒരു ഉരുക്കുമനുഷ്യൻ കുലുങ്ങിയെങ്കിൽ പിന്നെ നമ്മുടെ കാര്യം പറയണമോ? ഏതളവിൽ നാം ഉറപ്പുള്ളവരായിരിക്കുമോ ആ അളവിൽ മാത്രമേ നാം കഷ്ടങ്ങളിൽ കുലുങ്ങാതെയിരിക്കുകയുള്ളൂ. ഒരു വിശ്വാസിയുടെ ഉറപ്പിന് 3 പ്രധാനകാരണങ്ങൾ ഉണ്ട്. 1) ദൈവത്തെക്കുറിച്ചുള്ള അറിവ് (ദാനീ.11:32). 2) ദൈവത്തിലുള്ള വിശ്വാസം (എബ്രാ.11:27). 3) ദൈവത്തിലുള്ള അചഞ്ചലമായ ആശ്രയം (സങ്കീ. 125:1; 112:7). Empire State building നെക്കാൾ ഉയരമുള്ളതും കുറഞ്ഞതുമായ അനവധി സൗധങ്ങൾ തകർന്നു വീണ് തരിപ്പണമായിട്ടുണ്ട്. എന്നാൽ, പ്രസ്തുത സൗധം യാതൊരു കുലുക്കവുമില്ലാതെ ഇപ്പോഴും തല ഉയർത്തി നിൽക്കുന്നു. കാരണം ഉണ്ട്. സ്വതവേയുള്ള ഒരു വൻപാറ (Bed Rock) യിലാണ് അതിന്റെ അടിസ്ഥാനം.

ഒരു ഭക്തയായ സ്ത്രീയുടെ മരണക്കിടക്കയുടെ ചുറ്റും അനേകർ തടിച്ചുകൂടി. മരണസമയമായി. ഒരാൾ അടുത്തു നിന്ന്, "Poor woman, She is sinking" (സാധു വനിത. അവൾ മരിക്കാൻ തുടങ്ങുകയാണ്) എന്നു പറഞ്ഞു. ഉടനെ ആ സ്ത്രീ കണ്ണുതുറന്ന് തല അല്പം ഉയർത്തി, "what? sinking upon the rock?" (എന്ത്? പാറമേൽ താഴുക എന്നോ?) എന്ന് ചോദിച്ചു. "sink" എന്ന പദത്തിന് "മരിക്കാൻ തുടങ്ങുക" എന്നും "താഴുക" എന്നും അർത്ഥമുണ്ട്. മലയാളത്തിൽ ഇത്തരം പ്രയോഗത്തിന് ''ശ്ലേഷോക്തി'' എന്നാണ് പറയുന്നത്. മരണസമയത്തും ഒരു വിശ്വാസിക്ക് കുലുക്കമോ ചഞ്ചലമോ ഇല്ല. പിളർക്കപ്പെട്ട യുഗങ്ങളുടെ പാറയായ ക്രിസ്തുവിലാണ് ഒരു വിശ്വാസിയുടെ സ്ഥാനം. ഇതുപോലെ സുരക്ഷിതമായ ഒരു സ്ഥാനം ഉണ്ടോ? ഇല്ല.

തിമൊഥെയൊസ് കഷ്ടതയിലും പ്രതികൂലത്തിലും ഇരുന്ന ദൈവജനത്തെ ധൈര്യപ്പെടുത്തുന്ന അനുഗ്രഹിത ശുശ്രൂഷ ചെയ്യുന്നവനായിരുന്നു. എന്നാൽ ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവരും ഉണ്ട്. കനാൻ ദേശം ഒറ്റുനോക്കാൻ പോയവരിൽ ഭൂരിപക്ഷം പ്രതിനിധികൾ തിരിച്ചു വന്ന് "ആ ജനത്തിന്റെ നേരെ ചെല്ലുവാൻ നമുക്ക് കഴിയില്ല; അവർ നമ്മിലും ബലവാന്മാർ ആകുന്നു എന്ന് പറഞ്ഞു. തങ്ങൾ ഉറ്റുനോക്കിയ ദേശത്തെക്കുറിച്ച് അവർ യിസ്രായേൽ മക്കളോട് ദുർവർത്തമാനമായി പറഞ്ഞതെന്തെന്നാൽ........... അവരുടെ കാഴ്ചയ്ക്കും ഞങ്ങൾ അങ്ങനെ തന്നെയായിരുന്നു" (സംഖ്യാ 13:31-33). പ്രസ്തുത റിപ്പോർട്ട് കേട്ട് സഭയൊക്കെയും നിലവിളിക്കുകയും രാത്രി മുഴുവനും കരകയും ചെയ്തു. അവർ വാക്കുകൊണ്ട് ജനത്തെ അധൈര്യപ്പെടുത്തി എന്ന് ചുരുക്കം. സന്ദർഭോചിതമായ ചില വാക്കുകൾ മൂലം നമുക്ക് വിശ്വാസികളെ ധൈര്യപ്പെടുത്തുവാൻ സാധിക്കും. ഒരു വാക്കുപോലും ഉച്ചരിക്കാതെ നമ്മുടെ സാന്നിദ്ധ്യംകൊണ്ട്മാത്രം ദൈവജനത്തെ ധൈര്യപ്പെടുത്താൻ സാധിക്കും. "അവിടുത്തെ (റോമാപട്ടണം) സഹോദരന്മാർ ഞങ്ങളുടെ വർത്തമാനം കേട്ടിട്ടു അപ്യപുരവും (41 മൈൽ) ത്രമണ്ഡപവും (30 മൈൽ) വരെ ഞങ്ങളെ എതിരേറ്റു വന്നു; അവരെ കണ്ടിട്ട് പൗലൊസ് ദൈവത്തെ വാഴ്ത്തി ധൈര്യം പ്രാപിച്ചു" (പ്രവൃ. 28:15). എത്രയും വലിയ ദൈവദാസന്മാർക്ക് വിശ്വാസികളുടെ സാന്നിദ്ധ്യം, വാക്ക്, പ്രവൃത്തി എന്നിവ മൂലമുള്ള സഹകരണവും പ്രോത്സാഹവനും ആവശ്യമാണ് എന്നു മാത്രം പറഞ്ഞ് നമുക്ക് മുമ്പോട്ടു പോകാം.

നമ്മുടെ സ്വാർത്ഥപരമായ പ്രവർത്തനങ്ങൾ കൊണ്ട് ദൈവജനത്തെ നിരുത്സാഹപ്പെടുത്തുവാൻ കഴിയും. രുബേൻ, ഗാദ്, മനശ്ശെയുടെ പാതി എന്നീ ഗോത്രങ്ങൾ യോർദ്ദാന് അക്കരെ അവകാശം കരസ്ഥമാക്കി. യോർദ്ദാൻ കടന്ന് യിസ്രായേൽ കനാൻ ദേശം അവകാശമാക്കണം എന്നായിരുന്നു ദൈവത്തിന്റെ നേരേയുള്ള ഇഷ്ടം. എന്നാൽ, വസ്തുമയമായ സൗകര്യങ്ങൾ പരിഗണിച്ചായിരുന്നു രണ്ടര ഗോത്രക്കാർ തിരഞ്ഞെടുപ്പ് നടത്തിയത്. നിങ്ങളുടെ സഹോദരന്മാർ യുദ്ധത്തിന് പോകുമ്പോൾ നിങ്ങൾക്ക് അവിടെ ഇരിക്കണമെന്നോ? യഹോവ യിസ്രയേൽ മക്കൾക്ക് കൊടുത്തിട്ടുള്ള ദേശത്തേയ്ക്ക് അവർ കടക്കാതിരിപ്പാൻ തക്കവണ്ണം നിങ്ങൾ അവരെ അധൈര്യപ്പെടുത്തുന്നത് എന്തിന്". (സംഖ്യ.32:6,7). നമ്മുടെ വാക്കുകൾ, പ്രവൃത്തികൾ എന്നിവമൂലം ഇതര വിശ്വാസികളെ അധൈര്യപ്പെടുത്തുകയാണോ? അതോ ധൈര്യപ്പെടുത്തുകയാണോ? നമുക്ക് ഒരു സ്വയപരിശോധന നടത്താം. "ഓരോരുത്തൻ സ്വന്ത ഗുണമല്ല. മറ്റുള്ളവന്റെ ഗുണവുംകൂടെ നോക്കേ

ണം" (ഫിലി.2:4).

ക്രിസ്തുവിന്റെ സുവിശേഷം നിമിത്തം കാരാഗൃഹത്തിൽ കിടക്കുന്നതിനുള്ള പദവി തിമൊഥെയൊസിന് ലഭിച്ചു. "സഹോദരനായ തിമൊഥെയൊസ് തടവിൽ നിന്ന് ഇറങ്ങി എന്ന റിവിൻ. അവൻ വേഗത്തിൽ വന്നാൽ ഞാൻ അവ നുമായി നിങ്ങളെ വന്നുകാണും" (എബ്രാ. 13:23). നീ സഹിപ്പാനുള്ളത് പേടിക്കേണ്ടാ; നിങ്ങളെ പരീക്ഷിക്കേണ്ടതിന് പിശാച് നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു'' (വെളി.2:10). ക്രിസ്തുവിന്റെ സുവിശേഷം പ്രചരിക്കാതിരിക്കു ന്നതിനുവേണ്ടി അവൻ ആദിമുതൽ ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്. പിശാച് സ്ഥിരം പ്രതിപക്ഷനേതാവാണ്.

റെയിൽവേ എൻജിൻ കണ്ടുപിടിച്ച ജോർജ് സ്റ്റീവൻസൺ ഒരു എൻജിൻ ഉണ്ടാക്കി ചില പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. ജോർജും തന്റെ സഹോദരിയും എൻജിനിൽ കയറിനിന്ന് അത് സ്റ്റാർട്ട് ചെയ്യുന്നതിന് ശ്രമിച്ചു. "ജോർജ്ജേ അത് മുമ്പോട്ടു പോവുകയില്ല" എന്ന് പറഞ്ഞ് സഹോദരി ജോർജ്ജിനെ കളിയാക്കി. എൻജിൻ അനങ്ങിയില്ല. ജോർജ് പിന്നെയും പിന്നെയും ശ്രമിച്ചു. അപ്പോഴെല്ലാം "ജോർജ്ജേ ഇത് മുമ്പോട്ട് പോവുകയില്ല'' എന്നു പറഞ്ഞ് സഹോദരി കളിയാക്കിക്കൊണ്ടിരുന്നു. ഒരു പ്രാവശ്യം പെട്ടെന്ന് എൻജിൻ സ്റ്റാർട്ടായി മുമ്പോട്ട് വേഗം പായുവാൻ തുടങ്ങി. ജോർജിന്റെ സഹോദരി വല്ലാതെ പേടിച്ച് പരിഭ്രമിച്ച് "ജോർജ്ജേ, ഇത് നിൽക്കുകയില്ല എന്ന് നിലവിളിക്കുവാൻ തുടങ്ങി. ക്രിസ്തുവിന്റെ ദാസന്മാരെ ജയിലിലടച്ചാൽ സുവിശേഷത്തിന്റെ പ്രചരണം മുമ്പോട്ടുപോകയില്ല എന്ന് സാത്താൻ വിചാരിച്ചു. കഴിഞ്ഞ നൂറ്റാണ്ടിലൊക്കെയും സാത്താൻ തന്റെ നാനാവിധമായ അടവുകൾ പയറ്റി സുവിശേഷ പ്രചാരണത്തെ ഉഗ്രമായി എതിർത്തെങ്കിലും ഇപ്പോൾ അവൻ ''ഇത് നിൽക്കയില്ല" എന്ന് നിലവിളിക്കുവാൻ തുടങ്ങിയി രിക്കയാണ്. പൗലൊസും ശീലാസും ഫിലിപ്യ യിലെ കാരാഗൃഹത്തിൽ കിടന്നതുമൂലം കാരാഗൃ ഹപ്രമാണിയും കുടുംബവും ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി അംഗീകരിച്ചു. പൗലൊസ് റോമാജയിലിൽ കിടന്ന് അസംഖ്യം വിശ്വാസികളെ എല്ലാ നൂറ്റാണ്ടിലും ധൈര്യപ്പെടുത്തിയതും ഇപ്പോഴും ധൈര്യപ്പെടുത്തിക്കൊണ്ടിരിക്കുന്നതു മായ ചില ലേഖനങ്ങൾ എഴുതി. "എനിക്ക് ഭവി ച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമാ യിത്തീർന്നു" എന്ന് പൗലൊസ് തന്നെ പറയുന്നു വല്ലോ. അപ്പൊസ്തലനായ യോഹന്നാനെ അന്ന ത്തെ ഭരണാധികാരികൾ പത്മോസ്ദ്വീപിലേക്ക് നാടുകടത്തി. അത് നാടുകടത്തലും ബന്ധനവും ആയിരുന്നു. അവിടെവച്ച് യോഹന്നാൻ വേദ പുസ്തകത്തിലെ ഒടുവിലത്തെ പുസ്തകമായ വെളിപ്പാട് രേഖയാക്കി. ജോൺ ബനിയൻ 12 വർഷം ജയിലിൽ കിടന്നപ്പോൾ പരദേശി മോക്ഷ യാത്ര എന്ന സുപ്രസിദ്ധമായ പുസ്തകം എഴുതി. വേദപുസ്തകം കഴിഞ്ഞാൽ പ്രചരണത്തിന്റെ കാര്യത്തിൽ പ്രസ്തുത ഗ്രന്ഥം രണ്ടാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. "നിങ്ങളിൽ ആരും കൊലപാതകനോ, കള്ളനോ, ദുഷ്പ്രവർത്തി ക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്. (ഇത്തരക്കാരെക്കൊണ്ട് ലോകത്തിലെ ജയിലുകൾ നിറഞ്ഞു കവിയുകയാണ്) പരകാര്യത്തിൽ ഇടപെടുന്നവരുമായിട്ടല്ല ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തു കയത്രെ വേണ്ടത് (1 പത്രൊ. 4:15,16). തിമൊഥെ യൊസ് ബന്ധനം മൂലവും ദൈവത്തെ മഹത്വപ്പെ ടുത്തി. ഇതാണല്ലൊ ജീവിതത്തിന്റെ പരമലക്ഷ്യം. അതിന് കർത്താവ് നമുക്ക് കൃപ നൽകട്ടെ.

(തുടരും)

## ബഥനി ബൈബിൾ സ്കൂൾ കുമ്പനാട്:

സ്കൂളിന്റെ ചുമതലയിൽ വർഷംതോറും നടന്നു വരുന്ന സുവിശേഷ ക്യാമ്പ് മണലയം (തിരുവനന്തപുരം) ബ്രദറൺ സഭയുടെ സഹകരണത്തിൽ 2008 ഫെബ്രു. 4 മുതൽ 10 വരെ അനുഗ്രഹകരമായി നടന്നു. തിങ്കൾ മുതൽ ബുധൻ വരെ പ്രവർത്തനങ്ങൾ തേക്കുംമൂടും, വ്യാഴം മുതൽ ശനി വരെ മണലയത്തും ക്രമീകരി ച്ചിരുന്നു. ഡോ. കെ.സി.ജോൺസൺ വർഗ്ഗീസ് കെ. കുര്യൻ, സണ്ണി തോമസ് എന്നിവരും ബൈബിൾ സ്കൂൾ വിദ്യാർത്ഥികളും വചനം ശുശ്രൂഷിച്ചു. വിവിധ സ്ഥലങ്ങ ളിൽ പരസ്യയോഗങ്ങൾ നടന്നു. ഭവന സന്ദർശനവും ഉണ്ടായിരുന്നു. അനേകർ താല്പര്യപൂർവ്വം വചനം ശ്രവിച്ചു. 40 പേർ കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. കൂടുതൽ കാര്യങ്ങൾ അറിയുവാനായി താല്പര്യം പലരും പ്രകടിപ്പിച്ചു. അനുധാവന പ്രവർത്ത നങ്ങൾ മണലയം സഭ നടത്തേണ്ടതായിട്ടുണ്ട്. സുവി. ജോൺ നേസൻ ഇവിടെ പ്രവർത്തിക്കുന്നു. ഇവിടെയു ള്ള ചെറിയ സഭയേയും പ്രവർത്തനങ്ങളെയും പ്രാർത്ഥ നയിൽ ഓർക്കണമേ. ശുശ്രൂഷകൾക്ക് എബനേസർ ഗോസ്പൽ മിനിസ്ട്രീസ്, മൂവാറ്റുപുഴയുടെ വാഹനവും സൗണ്ട് സിസ്റ്റവും ആറന്മുള ബേബിയുടെ സംഗീത ശുശ്രൂഷയുമുണ്ടാ യിരുന്നത് അനുഗ്രഹമായിരുന്നു.

59-ാമത് ബാച്ച് 2008 മാർച്ച് അവസാനത്തോടുകൂടി പര്യവസാനിക്കുകയാണ്. 60-ാമത് ബാച്ച് ദൈവ ഹിതമായാൽ 2008 ജൂണിൽ ആരംഭിക്കുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്നവർ സ്ഥലം സഭകൾ വഴി സൗജന്യ പ്രോസ്പെക്ടസിനും അപേക്ഷാ ഫോറ ത്തിനും അപേക്ഷിക്കുക. സെക്രട്ടറി, ബഥനി ബൈബിൾ സ്കൂൾ, പി.ബി. നമ്പർ -45 കുമ്പനാട് - 689 547.

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന – 19

DR. JOHNSON GEORGE, TORONTO, CANADA

**അദ്ധ്യായം – 15.**

**എന്താണ് ഭൂഗർഭശാസ്ത്രീയ സ്തംഭം? (Part II)**

ആഡം സെജ്‌വിക്കിന് (Adam Sedgwick) ശേഷം വന്ന ശാസ്ത്രജ്ഞന്മാർ നടത്തിയ ഗവേഷണങ്ങൾമൂലം ഊറൽപാറകളുടെ അടുക്കുകളിൽ (Sedimentary rock layers)ജീവാശ്മങ്ങളുടെ കൂടുതൽ ക്രമങ്ങൾ (systems) കാണുവാൻ ഇടയായിട്ടുണ്ട്. ഇന്ന് മൊത്തത്തിൽ പ്രധാനമായും 12 ജീവാശ്മ ക്രമങ്ങളെ fossil systems) പാറകളിൽ തിരിച്ചറിയുവാൻ ശാസ്ത്രജ്ഞന്മാർക്ക് കഴിഞ്ഞിട്ടുണ്ട്. ഓരോ ക്രമവും ഓരോ കാലഘട്ടത്തിൽ അടിഞ്ഞവയാണെന്ന് സങ്കല്പിച്ചുകൊണ്ട് ഈ ക്രമങ്ങളുടെ അടിസ്ഥാനത്തിൽ പാറകളെ ഇന്ന് പ്രധാനമായും 12 കാലഘട്ടങ്ങളിൽ (periods) ഉണ്ടായവയായി വിഭജിച്ചിരിക്കുന്നു.

ഓരോ പാറ അടുക്കിലും പ്രത്യേകമായി (distinctive) കാണപ്പെടുന്ന ജീവാശ്മങ്ങളെ index fossils (സൂചിക ജീവാശ്മങ്ങൾ) എന്നു വിളിക്കുന്നു. index fossil ലുകളുടെ അടിസ്ഥാനത്തിലാണ് പാറ അടുക്കുകളുടെ ആയുസ്സ് പ്രധാനമായും നിർണ്ണയിക്കപ്പെടുന്നത്. അതായത് ലളിതമായ (simple) ജീവികളുടെ ജീവാശ്മങ്ങളുടെ അടുക്കുകൾ ആദ്യം ഉണ്ടായവയും സങ്കീർണ്ണമായ (complex) ജീവികളുടെ ജീവാശ്മങ്ങളുടെ അടുക്കുകൾ പിന്നാലെ ഉണ്ടായവയുമെന്ന് വ്യാഖ്യാനിക്കപ്പെടുന്നു. ഭൂമിയിൽ എവിടെയും കാണുന്ന പാറഅടുക്കുകളെ index fossil കളുടെ അടിസ്ഥാനത്തിൽ വിവിധ കാലഘട്ടങ്ങളിൽ ഉണ്ടായവയെന്ന് വ്യാഖ്യാനിച്ച് താഴെ നിന്ന് മുകളിലേക്ക് പ്രായം കുറയുന്ന ക്രമത്തിൽ അതേസമയം ജീവാശ്മങ്ങളുടെ സങ്കീർണ്ണത (complexity) കൂടുന്ന ക്രമത്തിൽ അടുക്കി ഉണ്ടാക്കിയിരിക്കുന്ന സ്തംഭമാണ് ഭൂഗർഭ ശാസ്ത്രീയ സ്തംഭം.

ഭൂഗർഭശാസ്ത്രീയ സ്തംഭത്തിന്റെ ഇന്നത്തെ അംഗീകൃതരൂപം താഴെകൊടുക്കുന്നു. പ്രസ്തുത സ്തംഭത്തിൽ ഭൂമിയുടെ ചരിത്രത്തെ 6 യുഗങ്ങളിലായി (Eras) വിഭജിച്ചിരിക്കുന്നു. ഈ യുഗങ്ങളെ പിന്നെയും പ്രധാനമായി 12 കാലഘട്ടങ്ങളിലായി വിഭജിച്ചിരിക്കുന്നു. ഈ യുഗങ്ങളെയും കാലഘട്ടങ്ങളെയും താഴെനിന്ന് മുകളിലേക്കാണ് വായിക്കേണ്ടത്.

**Geological Column**
**(mya=million years ago)**

| Eras | Periods |
|---|---|
| Cenozoic<br>(65 mya to present) | Quaternary<br>Tertiary |
| Mesozoic<br>(248 to 65 mya) | Cretaceous<br>Jurassic<br>Triassic |
| Paleozoic<br>(543 to 248 mya) | Permian<br>Carboniferous<br>Devonian<br>Silurian<br>Ordovician<br>cambrian |
| Proterozoic<br>(2500 to 543 mya) | Precambrian |
| Archaean<br>(3800 to 2500 mya) | - |
| Hadean<br>(4500 to 3800 mya) | - |

ഭൂഗർഭശാസ്ത്രീയ സ്തംഭത്തെ നോക്കുമ്പോൾ ഭൂമിയിൽ ഉണ്ടായിട്ടുണ്ടെന്ന് ഭൂഗർഭശാസ്ത്രജ്ഞന്മാർ അനുമാനിച്ചിരിക്കുന്ന യുഗങ്ങളെക്കുറിച്ചും (Eras) കാലഘട്ടങ്ങളെക്കുറിച്ചും (periods) നമുക്ക് അറിവു ലഭിക്കുന്നു. ഏറ്റവും പുരാതനയുഗമായ ഹെയ്ഡിയൻ യുഗം ഇന്നെക്കാൾ 4500 million വർഷങ്ങൾക്കു മുമ്പായിരുന്നു എന്ന് ഭൂഗർഭശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. ഭൂമി ഉണ്ടായതും അതിനും കുറച്ച് വർഷങ്ങൾക്കുമുമ്പായിരുന്നുവെന്ന് വിശ്വസിച്ചുകൊണ്ട് പരിണാമവാദികൾ ഭൂമിക്ക് 4600 million (4.6 billion) വർഷങ്ങൾ പ്രായം കൊടുത്തിരിക്കുന്നു.

കേംബ്രിയൻ കാലഘട്ടത്തിലെ (Cambrian Period) പാറകളിലാണ് ആദ്യമായി ലളിതമായ കടൽജീവികളുടെ ജീവാശ്മങ്ങൾ കാണപ്പെടുന്നത്. അതിനുശേഷമുള്ള കാലഘട്ടങ്ങളിലൂടെ ജീവികൾ പരിണമിച്ച് ഒടുവിൽ മനുഷ്യർവരെയും എത്തിയിരിക്കുന്നുവെന്ന് പരിണാമവാദികൾ പറയുന്നു. ഭൂമിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ള പ്രധാന കാലഘട്ടങ്ങൾ കേംബ്രിയൻ മുതൽ ഇന്നത്തെ കാലഘട്ടമായ ക്വാട്ടർനറി (Quaternary) വരെയുള്ള 11 കാലഘട്ടങ്ങളാണ് എന്ന് ഭൂഗർഭശാസ്ത്രജ്ഞന്മാർ പറയുന്നു. കേംബ്രിയൻ കാലഘട്ടത്തിന് മുമ്പുണ്ടായിരുന്നു എന്നു പറയപ്പെടുന്ന പ്രീകേംബ്രിയൻ (precambrian) കാലഘട്ടത്തെയും കൂട്ടി മൊത്തത്തിൽ 12 കാലഘട്ടങ്ങളാണ് ഭൂഗർഭശാസ്ത്രീയ സ്തംഭത്തിലുള്ളത്.

ഭൂമിയുടെ ചരിത്രത്തിൽ പല കാലഘട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശ്വസിക്കാത്തതുകൊണ്ട് സൃഷ്ടിവാദശാസ്ത്രജ്ഞന്മാർ ജീവാശ്മങ്ങളുടെ വ്യത്യസ്ത കിടപ്പിനെ സൂചിപ്പിക്കുവാനായി കാലഘട്ടങ്ങൾ എന്നതിനു പകരം ക്രമങ്ങൾ (systems) എന്ന പദം ഉപയോഗിക്കുന്നു. അതുകൊണ്ട് Cambrian period ലെ പാറകൾ എന്നതിനുപകരം Cambrian system ലെ പാറകൾ എന്നവർ വിശേഷിപ്പിക്കുന്നു.

ജീവാശ്മങ്ങളുടെ അടിസ്ഥാനത്തിൽ പാറകളെ 12 കാലഘട്ടങ്ങളിൽ ഉണ്ടായവയായി വേർതിരിച്ച് ഉണ്ടാക്കിയിരിക്കുന്ന ഭൂഗർഭശാസ്ത്രീയ സ്തംഭത്തെ സൃഷ്ടിവാദശാസ്ത്രജ്ഞന്മാർ വിമർശിക്കുന്നു. ഈ സ്തംഭത്തിനെതിരായി സൃഷ്ടിവാദ ശാസ്ത്രജ്ഞന്മാർക്കുള്ള വാദങ്ങൾ താഴെ പറയുന്നവയാണ്.

1. ജീവാശ്മങ്ങൾ കൂടുന്ന സങ്കീർണ്ണതയിൽ (increasing complexity) ചില പ്രദേശങ്ങളിൽ പാറ -അടുക്കുകളിൽ കാണപ്പെടുന്നുവെങ്കിലും അവ കോടിക്കണക്കിനു വർഷങ്ങൾ നീണ്ടുനിന്ന 12 വ്യത്യസ്തകാലഘട്ടങ്ങളെ കാണിക്കുന്നു എന്നത് അടിസ്ഥാനരഹിതമായ ഒരു വ്യാഖ്യാനം മാത്രമാണ്. ഊറൽപാറകളുടേയോ ജീവാശ്മങ്ങളുടേയോ കാലനിർണ്ണയം നേരിട്ട് ശാസ്ത്രീയമായി സാദ്ധ്യമല്ലാത്തതിനാൽ ശാസ്ത്രജ്ഞന്മാർക്ക് ഇവിടെ അഭ്യൂഹങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ആദ്യം അവർ ജീവാശ്മങ്ങളെ അടിസ്ഥാനമാക്കി പാറകളുടെ ആപേക്ഷിക പ്രായം (relative age) തീരുമാനിക്കുന്നു. അതിനുശേഷം ഈ പ്രായത്തെ ആശ്രയിച്ച് പാറ അടുക്കുകളെ ക്രമീകരിച്ചിട്ട് ഒരു പ്രത്യേക പാറ - അടുക്കിൽ കാണുന്ന ജീവാശ്മത്തിന് അവർ ഊഹിച്ചിരിക്കുന്നത്രയും പ്രായം കാണണം എന്ന് വാദിക്കുന്നു. അതായത് ജീവാശ്മങ്ങളെ ആശ്രയിച്ച് പാറകളുടെ പ്രായവും പിന്നെ പാറകളെ ആശ്രയിച്ച് ജീവാശ്മങ്ങളുടെ പ്രായവും നിർണ്ണയിക്കപ്പെടുന്നു. തികച്ചും അശാസ്ത്രീയമായ ഈ യുക്തിയെ circular reasoning എന്നാണ് പറയുന്നത്.

2) 12 ക്രമങ്ങൾ (systems) ഉള്ള ഒരു ഭൂഗർഭശാസ്ത്രീയ സ്തംഭം പ്രകൃതിയിലെങ്ങുമില്ല. അത് പരിണാമവാദികളുടെ സങ്കല്പത്തിലും പാഠപുസ്തകങ്ങളിലും മാത്രമേ ഉള്ളൂ എന്ന് സൃഷ്ടിവാദികൾ വാദിക്കുന്നു. ഭൂമിയുടെ മിക്കവാറും ഭാഗങ്ങളിൽ കാണുവാൻ സാധിക്കുന്നത് ജീവാശ്മങ്ങളുടെ രണ്ടോ മൂന്നോ ക്രമങ്ങൾ (systems) ഉള്ള പാറകൾ ഒന്നിനു മുകളിൽ മറ്റൊന്നായി അടുക്കിയിരിക്കുന്നത് മാത്രമാണ്. പരിണാമവാദികൾ പറയുന്നതുപോലെ കോടിക്കണക്കിന് വർഷങ്ങൾ നീണ്ട പല കാലഘട്ടങ്ങൾ ഈ ഭൂമിയിൽ കടന്നുപോയിട്ടുണ്ടെങ്കിൽ, ഓരോ കാലഘട്ടത്തിലും അടിയുന്ന ഊറൽ കണക്കാക്കിയാൽ ഇന്ന് ഭൂമിയുടെ ചുറ്റും കുറഞ്ഞത് 100 മൈൽ മുതൽ 200 മൈൽ വരെ (160-320km) കട്ടിയിൽ ഊറൽപാറകളുടെ അടുക്കുകൾ (ഭൂഗർഭശാസ്ത്രീയ സ്തംഭം) കാണപ്പെടേണ്ടതാണ്. പക്ഷേ വാസ്തവത്തിൽ ഇന്ന് ഭൂമിക്കു ചുറ്റും ഉള്ള ഊറൽപാറകളുടെ ശരാശരി കട്ടി (average thickness) വെറും ഒരു മൈൽ (1.6km) മാത്രമാണ്. (കുറച്ചു ചില ഭാഗങ്ങളിൽ 16 മൈൽ (25km) വരെ കട്ടിയിൽ ഊറൽപാറകളുടെ അടുക്കുകൾ കണ്ടെത്തിയിട്ടുണ്ട്) ഇതിനുകാരണം എന്താണെന്നു ചോദിക്കുമ്പോൾ പരിണാമവാദികൾ പറയുന്നത് ചില കാലഘട്ടങ്ങളിൽ ഊറൽ അടിഞ്ഞിട്ടില്ല എന്നും മറ്റു ചില കാലഘട്ടങ്ങളിൽ അടിഞ്ഞ ഊറൽ പിന്നെ മണ്ണൊലിപ്പു (erosion) മൂലം നഷ്ടപ്പെട്ടുപോയി എന്നുമാണ്. ഇതിൽ നിന്നു മനസ്സിലാക്കുന്ന ഒരു കാര്യം ഇതാണ്: പരിണാമവാദികൾ പറയുന്നതുപോലെയുള്ള ഭൂഗർഭശാസ്ത്രീയ സ്തംഭം ഭൂമിയിലെങ്ങുമില്ല. പലയിടത്തുനിന്ന് ലഭിക്കുന്ന പാറ അടുക്കുകളെ ഒരുമിച്ച് അടുക്കി ഉണ്ടാക്കിയിരിക്കുന്ന ഒരു ആശയമാണ് (idea) ഭൂഗർഭശാസ്ത്രീയ സ്തംഭം. (പക്ഷേ ഈ ആക്ഷേപം ശരിയല്ല. ഭൂമിയിൽ ഏകദേശം 25 ഭാഗങ്ങളിലെങ്കിലും ജീവാശ്മങ്ങളുടെ 12 ക്രമങ്ങളും ഉള്ള അടുക്കുകൾ ഒരുമിച്ച് ഒന്നിനു മുകളിൽ ഒന്നായി കാണപ്പെടുന്നു എന്ന് പരിണാമവാദികളുടെ ചില അടുത്തിടെയുള്ള ലേഖനങ്ങളിൽ പറയുന്നു. ഈ വാദം എത്രത്തോളം ശരി എന്നത് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഈ വാദം ശരിയാണെങ്കിൽ തന്നെയും ഈ 25 ഉദാഹരണങ്ങൾ ഭൂമിയിലുള്ള ഊറൽപാറകളുടെ വെറും 1% ഭാഗം മാത്രമെ ആകുന്നുള്ളൂ. ഭൂമിയിൽ നീണ്ട 12 കാലഘട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഭൂമിയുടെ ഭൂരിപക്ഷം ഭാഗങ്ങളിലും ഈ 12 ക്രമങ്ങളോടുകൂടെയുള്ള പാറ-അടുക്കുകൾ കാണപ്പെടേണ്ടതല്ലേ? ചില ഭാഗങ്ങളിൽ പൂർണ്ണ ഭൂഗർഭശാസ്ത്രീയ സ്തംഭം കണ്ടെത്തിയാൽ തന്നെയും ഇത് പരിണാമം നടന്നിട്ടുണ്ട് എന്ന് തെളിയിക്കുന്നില്ല. ജീവാശ്മങ്ങൾ ഈ വിധത്തിൽ എന്തുകൊണ്ട് ക്രമീകരിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിനെ നോഹയുടെ കാലത്തെ ജലപ്രളയത്തോടു ബന്ധപ്പെടുത്തി വിശദീകരിക്കാവുന്നതാണ്.)

3. ഭൂമിയുടെ പലഭാഗങ്ങളിൽ ഊറൽപാറകളിൽ ജീവാശ്മങ്ങൾ ക്രമം (Order)തെറ്റി കാണപ്പെടാറുണ്ട്. അതായത് ലളിതമായ ജീവാശ്മങ്ങൾ ഉള്ള പാറകൾ മുകളിലും സങ്കീർണ്ണമായ ജീവാശ്മങ്ങൾ ഉള്ള പാറകൾ താഴെയും എന്ന നിലയിൽ അടുക്കപ്പെട്ടിരിക്കുന്നു. ജീവാശ്മങ്ങളുടെ ക്രമങ്ങൾ (Systems) ഒന്നിനു പുറകെ ഒന്നായി വന്ന വിവിധ കാലഘട്ടങ്ങളിൽ ഉണ്ടായവയാണെങ്കിൽ

എന്തുകൊണ്ട് പല ക്രമങ്ങളും തലകീഴായി (inverted) കാണപ്പെടുന്നു? ഭൂമുഖത്തുണ്ടായ ചില ഉഗ്രമായ ചലനങ്ങളാൽ പാറ-അടുക്കുകൾ നീങ്ങി (overthrust or overturning) തകിടം മറിഞ്ഞതിനാലാണ് ചില ഭാഗങ്ങളിൽ പാറകളുടെ ക്രമം (order) തെറ്റിയിരിക്കുന്നത് എന്ന് പരിണാമവാദികൾ പറയുന്നു. പക്ഷേ പലപ്പോഴും ഇങ്ങനെയുള്ള ഉദാഹരണങ്ങളിൽ പാറ അടുക്കുകളിൽ ചലനം ഉണ്ടായിട്ടുള്ളതിന് യാതൊരു തെളിവും കാണാനില്ല. ജീവാശ്മങ്ങളുടെ അല്ലെങ്കിൽ പാറകളുടെ ക്രമം തെറ്റിയിരിക്കുന്ന പല ഉദാഹരണങ്ങൾ ചൂണ്ടികാണിക്കാനുണ്ട്. Arizona (USA) യിലെ Empire Mountain ൽ Permian പാറകൾ Cretaceous പാറകളുടെ മുകളിലായി കാണപ്പെടുന്നു. Rocky mountain ലെ Lewis overthrust എന്നറിയപ്പെടുന്ന ഉദാഹരണത്തിൽ Precambrian പാറകൾ cretaceous പാറകളുടെ മുകളിലായി കാണപ്പെടുന്നു. ഈ ഉദാഹരണങ്ങളിലൊന്നും പാറകളിൽ എന്തെങ്കിലും ചലനം ഉണ്ടായതിന്റെ യാതൊരു തെളിവും ഇല്ല. ഇത് പരിണാമവാദികൾക്ക് വിശദീകരിക്കുവാൻ വിഷമമുള്ള ഒരു പ്രശ്നമാണ്.

ഭൂഗർഭശാസ്ത്രീയ സ്തംഭത്തിൽ കാണുന്ന ജീവാശ്മങ്ങളുടെ ക്രമത്തെ (order) വ്യാഖ്യാനിക്കുന്നതിലാണ് ഏറ്റവും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരിക്കുന്നത്. എന്തുകൊണ്ട് പരിണാമം നടന്നിട്ടുണ്ടെന്ന് തോന്നത്തക്ക വിധത്തിൽ ജീവാശ്മങ്ങൾ ഭൂമിയുടെ പല ഭാഗങ്ങളിലും ഊറൽ പാറകളിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. അതായത് എന്തുകൊണ്ടാണ് സാധാരണ ലളിതമായ ജീവികളുടെ ജീവാശ്മങ്ങൾ അടിയിലുള്ള പാറ അടുക്കുകളിലും സങ്കീർണ്ണമായ ജീവികളുടെ ജീവാശ്മങ്ങൾ മുകളിലുള്ള പാറ അടുക്കുകളിലും കാണപ്പെടുന്നത്?

പാറ അടുക്കുകളിൽ ജീവാശ്മങ്ങൾ വളരെയധികം കൂടിക്കലർന്ന് (mixed) കിടക്കുന്ന ഉദാഹരണങ്ങൾ ഉണ്ടെങ്കിലും സാധാരണ നോക്കുമ്പോൾ ലളിതമായ ജീവികളിൽ നിന്ന് സങ്കീർണ്ണമായ ജീവികളിലേക്ക് എന്ന വിധത്തിലാണ് ജീവാശ്മങ്ങൾ പാറകളിൽ കാണപ്പെടുന്നത്. ഈ ജീവാശ്മരേഖയെ (fossil record) മനുഷ്യർ എങ്ങനെ വ്യാഖ്യാനിക്കണം. ദൈവത്തെ മാറ്റി നിറുത്തിക്കൊണ്ട് യുക്തിപരമായി ചിന്തിക്കുന്ന മനുഷ്യമനസ്സിന് ഈ ജീവാശ്മരേഖജീവികൾ ലളിതമായ തരങ്ങളിൽ നിന്നും സങ്കീർണ്ണമായ തരങ്ങളിലേക്ക് പലകാലഘട്ടങ്ങളിലൂടെ പരിണമിച്ചു കൊണ്ടിരിക്കുന്നു എന്ന് സൂചിപ്പിക്കുന്നതായി തോന്നും. മറ്റൊരു വ്യാഖ്യാനം (alternative interpretation) ഇല്ലാത്തിടത്തോളം (അത് ബൈബിളിൽ മാത്രമേ ഉള്ളൂ) ജീവാശ്മങ്ങളുടെ കിടപ്പിനെ വിശദീകരിക്കുവാൻ പരിണാമവാദമാണ് ഏക മാർഗ്ഗമെന്ന് ഇന്ന് ഭൂരിപക്ഷം ശാസ്ത്രജ്ഞന്മാരും വിശ്വസിച്ചിരിക്കുന്നു. ഇക്കാരണത്താൽ ബൈബിളിലെ സൃഷ്ടിവാദം ആക്ഷരികമായി കണക്കിലെടുക്കുവാൻ വിസമ്മതിക്കുന്ന ശാസ്ത്രജ്ഞന്മാരും ലോകമാദ്ധ്യമങ്ങളും (media) ജീവാശ്മ രേഖയെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുവാൻ പരിണാമവിശ്വാസം അനിവാര്യമാണെന്ന് പഠിപ്പിക്കുന്നു.

പക്ഷേ ഭൂഗർഭശാസ്ത്രീയ സ്തംഭത്തെ നോക്കിക്കൊണ്ട് പരിണാമവാദം ശാസ്ത്രീയമാണെന്ന് വിശ്വസിക്കുന്നവർ ഒരു കാര്യത്തെക്കുറിച്ച് ചിന്തിക്കുന്നില്ല. പരിണാമം നടന്നിട്ടുണ്ടെങ്കിൽ ജീവാശ്മരേഖയിൽ (fossil record) കോടിക്കണക്കിന് മദ്ധ്യവർത്തി ജീവാശ്മങ്ങൾ (intermediate or transitional fossils) കാണേണ്ടതാണ്. ഒരുതരം ജീവി മറ്റൊരുതരം ജീവിയിലേക്ക് പരിണമിച്ചിട്ടുണ്ടെങ്കിൽ ഇടയ്ക്കുണ്ടാകേണ്ട ജീവികളാണ് മദ്ധ്യവർത്തിജീവികൾ. പരിണാമം നടന്നിട്ടുണ്ടെങ്കിൽ ഇങ്ങനെയുള്ള മദ്ധ്യവർത്തി ജീവാശ്മങ്ങൾ ധാരാളമായി കാണപ്പെടേണ്ടതാണ്. പക്ഷേ ഇതുവരെയും സംശയരഹിതമായി സ്ഥാപിക്കപ്പെട്ട ഒരു മദ്ധ്യവർത്തി ജീവാശ്മവും ലഭിച്ചിട്ടില്ല. (ചില മദ്ധ്യവർത്തി ജീവാശ്മങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് പരിണാമവാദികൾ പറയാറുണ്ട്. പക്ഷേ പരിണാമം നടന്നിട്ടുണ്ടെങ്കിൽ നമുക്ക് വേണ്ടിയത് 'ചില'തല്ല. കോടിക്കണക്കിന് മദ്ധ്യവർത്തിജീവാശ്മങ്ങളാണ്. ഇവയെല്ലാം എവിടെ പോയി. washington DC യിലെ Smithsonian Institute ൽ 40,000,000 ജീവാശ്മങ്ങൾ ഉണ്ട്. ഇവയിൽ ഒരു മദ്ധ്യവർത്തി ജീവാശ്മവും ഇല്ല എന്നുള്ളത് ചിന്തനീയമല്ലേ?)

ജീവാശ്മരേഖ പരിശോധിക്കുമ്പോൾ പാറകളുടെ ഓരോ അടുക്കിലും ഇന്നു ജീവിക്കുന്നതുപോലെയുള്ള വ്യത്യസ്തമായ (distinct) പൂർണ്ണതയുള്ള (fully developed) ജീവികളുടെ ജീവാശ്മങ്ങളാണ് കാണപ്പെടുന്നത്. ഇവയൊന്നും മറ്റു ജീവികളിൽ നിന്ന് പരിണമിച്ച് വന്നിട്ടുള്ളതിന്റെ തെളിവ് ജീവാശ്മരേഖയിൽ കാണുന്നില്ല. ഇതിൽ നിന്നും ജീവികൾ പരിണമിച്ചതല്ല, അതതു തരമായി സൃഷ്ടിക്കപ്പെട്ടതാണ് എന്നാണ് മനസ്സിലാകുന്നത്.

ജീവികൾ പരിണമിച്ചതായിരുന്നുവെങ്കിൽ, ജീവാശ്മരേഖയിൽ യോജിപ്പിക്കുന്ന ജീവാശ്മങ്ങളുടെ ഒരു തുടർച്ച (continuum) തന്നെ നാം കണ്ടേനേ. ഇങ്ങനെ ഒരു സ്ഥിതി ആയിരുന്നുവെങ്കിൽ ജീവികളെ തിരിച്ചറിയുവാനും അവയെ തരം തിരിക്കുവാനും (classify) പ്രയാസമായിതീർന്നേനെ. പക്ഷേ സൃഷ്ടിയാണ് നടന്നിട്ടുള്ളതെങ്കിൽ നാം ജീവാശ്മരേഖയിൽ വ്യത്യസ്ത (തമ്മിൽ ബന്ധമില്ലാത്ത) ജീവികളുടെ ജീവാശ്മങ്ങളെ പ്രതീക്ഷിക്കും. ഈ വാദത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ഇന്ന് ലഭിച്ചിരിക്കുന്ന ജീവാശ്മരേഖ സംശയരഹിതമായി സൃഷ്ടിയെയാണ് സ്ഥാപിക്കുന്നത്. പരിണാമത്തിന് ജീവാശ്മരേഖയിൽ തെളിവില്ലെങ്കിൽ പിന്നെ മറ്റൊരു തെളിവും ഇല്ല എന്നു നാം അറിഞ്ഞിരിക്കണം.

# സ്നാപക യോഹന്നാൻ (മത്തായി. 11:2-11)

**പി.റ്റി. തോമസ്, ഝാബുവാ**

1. കാരാഗൃഹം യോഹന്നാനെപ്പോലുള്ള ദൈവ ദാസന്മാർക്കുള്ളതല്ല. കള്ളന്മാർ, കൊള്ളക്കാർ, കൊലപാതകികൾ തുടങ്ങിയവർക്കുള്ളതാണ്. എന്നാൽ ഈ ലോകത്തിൽ കർത്താവിനായി ജീവിക്കുന്ന ദൈവപൈതലേ, നിനക്ക് ലോകം തരുന്നത് ഇതിൽ കുറഞ്ഞതല്ല. ഇവിടെയായിരിക്കുമ്പോൾ കർത്താവിനായി ജീവിക്കുന്നെങ്കിൽ അതുണ്ടാകുക തന്നെ ചെയ്യും. പൗലൊസിനെത്തന്നെ നോക്കുക. ഞാൻ ദുഷ്പ്രവർത്തിക്കാരൻ എന്നപോലെ ചങ്ങല ധരിച്ച് കഷ്ടം സഹിക്കുന്നു. അതെ, താൻ ചങ്ങല ധരിച്ച് സ്ഥാനാപതിയായി ഇവിടെ കർത്താവിന്നായി ജീവിക്കുന്നു. ക്രിസ്തീയ കഷ്ടം നിനക്കില്ലെങ്കിൽ നിന്റെ ക്രിസ്തീയജീവിതത്തിന് കാര്യമായ എന്തോ തകരാറുണ്ട്.

2. കാരാഗൃഹത്തിലായപ്പോൾ യോഹന്നാൻ മാനസികവൈഷമ്യത്തിലായി. ഇന്നത്തെ 99% വിശ്വാസികളും പ്രശ്നങ്ങളുടെ കാരാഗൃഹത്തിലാകുമ്പോൾ വൈഷമ്യത്തിലാകും. കാണേണ്ടവനെ കാണേണ്ടതുപോലെ കാണുന്ന വിഷയത്തിൽ പരാജയം പറ്റുന്നതാണു കാരണം. നമ്മുടെ ക്രിസ്തീയജീവിതത്തെപ്പറ്റി നമുക്ക് ചില മുൻവിധികളുണ്ട്. അവിടെ കർത്താവിന്റെ ഹിതത്തിനല്ല മുൻതൂക്കം. നമ്മുടെ മുൻവിധികൾക്കൊത്തു കാര്യങ്ങൾ നീങ്ങാതെ വരുമ്പോൾ നാം മാനസിക വൈഷമ്യത്തിലാകും. കാരാഗൃഹത്തിൽനിന്നു കർത്താവ് തന്നെ വിടുവിക്കുമെന്ന് യോഹന്നാൻ ചിന്തിച്ചിരിക്കാം. അത് സംഭവിക്കാതെ വന്നപ്പോൾ തന്റെ മനസ്സിൽ വലിയൊരു ചോദ്യചിഹ്നം ഉയരുന്നു. നമ്മുടെ ജീവിതത്തിലും അങ്ങനെയുള്ള ചില സന്ദേഹങ്ങൾ ഉയർന്നിട്ടില്ലേ?. പക്ഷേ ഒന്നോർക്കുക. ദൈവത്തിന്റെ എല്ലാ ചെയ്തികൾക്കും ദൈവമഹത്വത്തിനൊത്ത പര്യവസാനം ഉണ്ടാകും. ഇവിടെവച്ചല്ലെങ്കിൽ അവിടെ വെച്ച് നമുക്കതു മനസ്സിലാകും. സകലവും നന്മയെന്നല്ല. നന്മയിലേക്ക് വഴിനടത്തുമെന്ന് വാക്കുമാറാത്തവന്റെ വാഗ്ദത്തമുണ്ട് (റോമർ 8:28)

3. വൈഷമ്യം വന്നപ്പോൾ യോഹന്നാൻ സമീപിക്കേണ്ടവനെ സമീപിച്ചു. എന്നാൽ നാമോ നമ്മുടെ കഴിവിന്റെ പരമാവധി ശ്രമിക്കും അതു പരിഹരിക്കാൻ. എന്നാൽ നമ്മുടെ കഴിവല്ല കർത്താവിന്റെ കഴിവാണ് പ്രശ്നപരിഹാരത്തിനുതകുന്നത്. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾക. ഇത് ഒരാശംസയല്ല, കല്പനയാണ്. നാം രക്ഷയിലേക്കു കടന്നുവന്നതു ദൈവകൃപയാൽ മാത്രമാണെങ്കിൽ ഈ ദുഷ്ടലോകത്തിൽ ദൈവഹിതപ്രകാരം ഒരു ക്രിസ്തീയ ജീവിതം നയിപ്പാൻ സാധിക്കുന്നതും ദൈവകൃപയാൽ മാത്രമാണ്.

4. യോഹന്നാനുണ്ടായ സംശയം മറ്റാരു ചോദിച്ചാലും യോഹന്നാൻ ചോദിക്കാൻ പാടില്ലാത്ത ചോദ്യമാണ് താനിവിടെ ചോദിക്കുന്നത്. “വരുവാനുള്ളവൻ...... കാത്തിരിക്കണമോ?” ഈ കർത്താവിനെപ്പറ്റിയാണ് യോഹന്നാൻ സാക്ഷിച്ചു നടന്നത്. സ്വർഗ്ഗത്തിൽ നിന്ന് കർത്താവിനെപ്പറ്റി സാക്ഷിപറയുന്നത് യോഹന്നാൻ സ്വന്ത ചെവികൊണ്ട് കേട്ടതാണ്. എന്നിട്ടും.... വിശ്വാസിയേ അപകടം പിണയാതെ സൂക്ഷിച്ചു കൊൾക.

5. മാനസികമായി ഞെരുക്കത്തിലായ യോഹന്നാന് ചിന്തിക്കുവാനുള്ള വക തിരുവെഴുത്തിൽ നിന്ന് കർത്താവ് നൽകുകയായിരുന്നു. തപിച്ചിരിക്കുന്ന ഹൃദയത്തെ തണുപ്പിക്കുന്നത് തിരുവെഴുത്ത് മാത്രമാണ്. ‘അരിയെത്ര എന്ന ചോദ്യത്തിന് പയർ അഞ്ഞാഴി’ എന്ന നിലയിൽ കർത്താവു മറുപടി പറയുകയാണെന്നു തോന്നാം. എന്നാൽ ന്യായപ്രമാണം അറിയാവുന്ന യോഹന്നാന്റെ ചോദ്യത്തിന് പരോക്ഷമായി കർത്താവ് ഉത്തരം പറയുകയായിരുന്നു. മാനസികമായി ഞെരുക്കത്തിലായ യോഹന്നാന് ആവശ്യമായ ആഹാരം അതായിരുന്നു.

6. യോഹന്നാന്റെ ശിഷ്യന്മാർ പോയിക്കഴിഞ്ഞ ശേഷം നമ്മുടെ രീതിയോ? വീണു കിടക്കുകയാണെങ്കിലും തന്റെ ദാസൻ കർത്താവിന് വിലയേറിയവൻ തന്നെ. നമുക്ക് ഈ മനോഭാവം വച്ചു പുലർത്താൻ കഴിയുന്നോ? നാം പലപ്പോഴും ഇയ്യോബിന്റെ സ്നേഹിതന്മാരുടെ സ്നേഹിതനായിത്തീരുകയാണ്. നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ സൂക്ഷിക്കട്ടെ. ●

---

മദ്ധ്യവർത്തി ജീവികളില്ലാതെ പൂർണ്ണ വ്യത്യസ്തത (distinctness) കാണിക്കുന്ന ജീവാശ്മങ്ങളാൽ ഊറൽ പാറകൾ നിറഞ്ഞു കിടക്കുന്നതുകൊണ്ട് ഭൂഗർഭശാസ്ത്രീയസ്തംഭം പിൻതാങ്ങുന്നത് സൃഷ്ടിയെയാണ്, പരിണാമത്തെയല്ല. ഭൂഗർഭശാസ്ത്രീയ സ്തംഭത്തെ പരിണാമത്തിന് ഒരു തെളിവായാണ് പലരും കാണുന്നത്. പക്ഷേ ഇത് പരിണാമത്തിനെതിരെ ഒരു തെളിവായി നിലകൊള്ളുന്നു എന്നതാണ് വാസ്തവം.

ഊറൽപാറകളിലെ ജീവാശ്മങ്ങൾ സൃഷ്ടിയെയാണ് പിൻതാങ്ങുന്നതെങ്കിൽ പരിണാമം നടന്നിട്ടുണ്ടെന്ന് തോന്നത്തക്ക വിധത്തിൽ, ആക്രമത്തിൽ (order) എന്തുകൊണ്ടാണ് പാറകളിൽ ജീവാശ്മങ്ങൾ അടുക്കപ്പെട്ടിരിക്കുന്നത്? ഊറൽ പാറകളെല്ലാം നോഹയുടെ കാലത്തെ ജലപ്രളയ സമയത്താണ് ഉണ്ടായതെങ്കിൽ, പ്രളയത്തിൽ ചത്ത ജീവികൾ ഈ ക്രമത്തിൽ അടുക്കപ്പെടുമോ? ഇതിനെക്കുറിച്ച് അടുത്ത ലക്കത്തിൽ ചിന്തിക്കാം. (തുടരും)

# പുതിയ സൃഷ്ടി - 16

എം.റ്റി. ജോർജ്ജ്, കോന്നി

അബ്രാഹാം ഉദാസീന പ്രകൃതക്കാരുടെ പ്രതിനിധി എന്ന നിലയിൽ, അവനിൽ വന്ന മാറ്റങ്ങളാണല്ലോ വിചിന്തനം ചെയ്യുന്നത്. പ്രതിസന്ധികളിലും സമ്മർദ്ദ സാഹചര്യങ്ങളിലുമാണ് ഉദാസീനർ ഏറ്റവും അധികം ശോഭിക്കുന്നത്. ഒരു വ്യക്തിയുടെ യഥാർത്ഥരൂപം വെളിവാകുന്ന ഉരകല്ലാണ് പ്രതിസന്ധികൾ. പ്രതിസന്ധികൾ സ്വഭാവത്തെ മാറ്റുകയല്ല യഥാർത്ഥ സ്വഭാവത്തെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രസന്നനും വിഷാദാത്മകനും പ്രതിസന്ധികളിൽ പരാജയപ്പെടുമ്പോൾ ഗർവ്വിഷ്ഠനും ഉദാസീനനും ധീരതയോടെ അതിനെ നേരിടും. ഗർവ്വിഷ്ഠൻ ഒരു അന്തഃപ്രചോദനത്തിനധീനനായി അതിനെ നേരിടുമ്പോൾ ഉദാസീനൻ വൈദഗ്ധ്യത്തോടെയും ശാന്തമായും അതിനെ നേരിടും. ഇതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണ് ഉല്പത്തി 14-ാം അദ്ധ്യായത്തിലെ വിഷയം. അവിടെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "തന്റെ സഹോദരനെ ബന്ധനാക്കിക്കൊണ്ടുപോയി എന്ന് അബ്രാം കേട്ടപ്പോൾ അവൻ തന്റെ വീട്ടിൽ ജനിച്ചവരും അഭ്യാസികളുമായ 318 പേരെക്കൂട്ടിക്കൊണ്ട് ദാൻവരെ പിൻതുടർന്നു. രാത്രിയിൽ അവനും അവന്റെ ദാസന്മാരും അവരുടെ നേരെ ഭാഗം ഭാഗമായി പിരിഞ്ഞു ചെന്ന് അവരെ തോൽപ്പിച്ചു. ദമ്മേശെക്കിന്റെ ഇടതുഭാഗത്തുള്ള ഹോബാവരെ അവരെ പിൻതുടർന്നു. അവർ സമ്പത്തൊക്കെയും മടക്കിക്കൊണ്ടുവന്നു. തന്റെ സഹോദരനായ ലോത്തിനെയും അവന്റെ സമ്പത്തിനെയും സ്ത്രീകളെയും ജനത്തെയും കൂടെ മടക്കിക്കൊണ്ടു വന്നു."

ഈ വിവരണത്തിൽ നിന്നും ഉദാസീനഗണത്തിൽപ്പെട്ട അബ്രാഹാമിനെപ്പറ്റിയും ആ സ്വഭാവക്കാരായ മറ്റുള്ളവരെപ്പറ്റിയും ഉള്ള ചില സവിശേഷതകൾ നമ്മുടെ ശ്രദ്ധയിൽപെടുന്നു. ഒരു അടിയന്തിരാവശ്യത്തിന്റെ മുന്നിൽ തങ്ങളുടെ പ്രിയപ്പെട്ടവരുടെ സുരക്ഷയാണ്. സ്വന്ത സുരക്ഷിതത്വത്തിനല്ല അവർ മുൻഗണന നൽകുന്നത്. അബ്രാഹാമിൽ നിർല്ലീനമായിരുന്ന നേതൃത്വഗുണവും അങ്ങേയറ്റം ഫലപ്രദമായ സമരതന്ത്രവും ഇവിടെ വ്യക്തമാകുന്നു. ഭാഗംഭാഗമായി തിരിഞ്ഞും ഇരുളിന്റെ മറവിലൂടെ നടത്തിയ മിന്നലാക്രമണം വിജയം കണ്ടു എന്നുള്ളതു മാത്രമല്ല, ശത്രുവിനെ പിൻതുടർന്ന് തറ പറ്റിച്ച സമരതന്ത്രം തികച്ചും അഭിനന്ദനീയം തന്നെ. അദ്ദേഹത്തിന്റെ ശാന്തവും വികാരരഹിതവുമായ പ്രതികരണവും ഉദാസീന സവിശേഷത തന്നെ. ഇത്ര വലിയ ഒരു വിജയത്തിന്റെ മുന്നിലും അബ്രാഹാമിൽ നിന്നും സ്വയംപ്രശംസയുടേയോ നിഗളത്തിന്റേയോ ലാഞ്ചനപോലും വാക്കുകളിൽ ധ്വനിക്കുന്നില്ല. പൊതുവെ ഉദാസീന വിഭാഗത്തിൽപ്പെട്ടവരുടെ സഹജസ്വഭാവമായിട്ടും ഇതിനെ പരിഗണിക്കാം. ശാലേം രാജാവും അത്യുന്നത ദൈവത്തിന്റെ പുരോഹിതനുമായ മൽക്കിസേദക്ക് പിന്നീടു സൂചിപ്പിച്ചതുപോലെ ശത്രുക്കളുടെ മേൽ ജയം നൽകിയത് അത്യുന്നതനായ ദൈവമാണെന്ന് അബ്രാഹാം അറിഞ്ഞിരുന്നു. അതുകൊണ്ടാണ് പുരോഹിതനിൽക്കൂടെ അബ്രാഹാം സകലത്തിലും ദശാംശം ദൈവത്തിനു നൽകിയത്.

സ്വഭാവസവിശേഷതകളെക്കുറിച്ച് പറയുന്ന റ്റിംലെഹെ അഭിപ്രായപ്പെടുന്നത് ദശാംശം കൊടുക്കുന്നതിൽ സ്ഥിരതപാലിക്കുന്നവർ ഉദാസീനരാണെന്നാണ്. അവർ അത് പരസ്യപ്പെടുത്താറില്ല. എന്നാൽ, എടുത്ത തീരുമാനം സ്ഥിരമായി പാലിക്കുന്നതിൽ അവർ ബദ്ധശ്രദ്ധരായിരിക്കും. പ്രസന്നർ പുതിയ പുതിയ തീരുമാനങ്ങൾ എടുത്തുകൊണ്ടേയിരിക്കും. ഗർവ്വിഷ്ഠർ എപ്പോഴും കൊടുക്കുന്ന വിഷയത്തിൽ പിന്നോക്കമായിരിക്കും. വിഷാദാത്മകർ കണക്കുകൂട്ടി ദശാംശം കൊടുത്താൽ ബാക്കികൊണ്ട് ഉപജീവനം കഴിക്കാൻ പ്രയാസമാണെന്ന് ഭയപ്പെട്ട് ദശാംശം കഴിവതും കൊടുക്കാതെ നീക്കിവെക്കും. ഉദാസീനർ എടുത്ത തീരുമാനത്തിനു ഭംഗം വരുത്തുകയില്ലെങ്കിലും മറ്റ് കാര്യങ്ങൾക്ക് ചെലവഴിക്കുന്നതിൽ ഔദാര്യം കാണിക്കാറില്ല. എന്നാൽ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുമ്പോൾ ഈ വിഷയത്തിലും ഉദാരമനസ്കരായിത്തീരും.

ഉദാസീനർ സമാധാനകാംക്ഷികളായിരിക്കുന്നതോടൊപ്പം ഏതെങ്കിലും അടിയന്തിര ഘട്ടത്തെ അഭിമുഖീകരിക്കുമ്പോഴല്ലെങ്കിൽ സാധാരണ സംഘട്ടനരംഗങ്ങളിൽ നിഷ്ക്രിയരായിത്തീരാനാണ് സാധ്യത. പലപ്പോഴും ഭാര്യമാരാൽ ഭരിക്കപ്പെടുന്നവരായിത്തീരാനും സാധ്യതയുണ്ട്. ആദ്യകാലാനുഭവങ്ങളിൽ അബ്രാഹാമും ഈ സംഭവത്തിന് വിധേയനായിത്തീർന്നു എന്നു കരുതാം. ദൈവത്തിന്റെ വാഗ്ദത്തമുണ്ടെങ്കിലും പുത്രഭാഗ്യം ലഭിക്കുന്നതിൽ കാലതാമസം നേരിട്ടപ്പോൾ അക്ഷമയായിത്തീർന്ന സാറാ അവളുടെ ബദൽ പദ്ധതി അബ്രാഹാമുമായി പങ്കു വെയ്ക്കുന്നു. മിസ്രയീമ്യ ദാസിയായ ഹാഗറിനെ ഭാര്യയായി സ്വീകരിച്ചു അവളിൽക്കൂടെ മക്കളെ ലഭിക്കുവാൻ വഴിയുണ്ടാക്കുക എന്നതായിരുന്നല്ലോ സാറായുടെ പദ്ധതി. അതിനു വഴങ്ങിയ അബ്രാഹാം ഏറ്റവും വലിയ ഒരു വിപത്തു വലിച്ചു വയ്ക്കുകയായിരുന്നു. വാഗ്ദത്ത സന്തതികൾക്ക് എന്നും വിനയായിത്തീർന്ന ഒരു ജാതി അതുമുഖാന്തിരം ഉത്ഭവമായി. മാത്രമല്ല യിസ്ഹാക്കിന്റെ ജനനശേഷം പരിഹാസിയായ യിശ്മായേലിനെയും മാതാവിനെയും

പുറത്താക്കേണ്ടിവന്ന സന്ദർഭത്തിൽ അബ്രാഹാം നേരിട്ട മനോവ്യഥ എത്രയോ അഗാധമായിരുന്നു.

സമാധാനപാലനത്തിനാണെങ്കിലും സാഹചര്യങ്ങളുമായി അഭികാമ്യമല്ലാത്ത ഒത്തുചേരൽ കൂടുതൽ പ്രശ്നങ്ങൾ ഉളവാക്കുവാൻ ഹേതുവാകുകയേ ഉള്ളൂ എന്ന് ഉദാസീനർ ഗ്രഹിക്കേണ്ടിയിരിക്കുന്നു. സമാധാന പാലനാർത്ഥം ഉദാസീന വിഭാഗത്തിൽപ്പെട്ട പുരുഷന്മാർ ഗൃഹിണീ ഭരണ വിധേയരായിപ്പോകാറുണ്ട്. ഒരു ആത്മീയഗൃഹം പടുത്തുയർത്തുവാൻ അവർക്കു കഴിയുകയില്ല. മാതൃശിക്ഷണത്തിൽ മാത്രം വളർന്നു വരുന്ന യുവാക്കൾ സമൂഹത്തെ അഭിമുഖീകരിക്കാൻ ശക്തരായിത്തീരുകയില്ല എന്നാണ് ലെഹെ അഭിപ്രായപ്പെടുന്നത്. ദൈവവ്യവസ്ഥപ്രകാരം ഭവനം ഭർത്താക്കന്മാരുടെ ഭരണത്തിലും നിയന്ത്രണത്തിലും തന്നെ ആയിരിക്കണം.

ഭയം ഉദാസീനരുടെ ഒരു ബലഹീനതയാണ്. ശക്തരായ രാജാക്കന്മാരെ ഭയരഹിതനായി പിൻതുടർന്ന് ആക്രമിച്ച് തോൽപ്പിച്ച ധീരപരാക്രമിയായ അബ്രാഹാം ഒരു ഭീരുവായി ചിത്രീകരിക്കപ്പെടുന്ന സന്ദർഭങ്ങളും തിരുവെഴുത്തിലുണ്ട്. കനാൻ നാട്ടിലെ ക്ഷാമം ഭയന്ന് മിസ്രയിമിലേക്കു പോയപ്പോഴും പിന്നീടു ചില വർഷങ്ങൾക്കുശേഷം അബീമേലെക്കിന്റെ അടുക്കൽ പോകേണ്ടി വന്നപ്പോഴും അതിസുന്ദരിയായ ഭാര്യ സാറാ നിമിത്തം ജീവഹാനിഭവിക്കാതെയിരിക്കുവാൻ സാറാ സഹോദരിയാണെന്നു പറയണമെന്ന് അവളോട ഭ്യർത്ഥിച്ച സന്ദർഭങ്ങളാണവ. ഉല്പത്തി 12, 20 അദ്ധ്യായങ്ങൾ നോക്കുക. അതിന്റെ പരിണിത ഫലങ്ങൾ എന്തൊക്കെയായിരുന്നു. അബ്രഹാമിന്റെ ഭാര്യയായ സാറാ നിമിത്തം യഹോവ ഫറവോനേയും അവന്റെ കുടുംബത്തെയും അത്യന്തം ദണ്ഡിപ്പിച്ചു.... അവർ അവനെയും അവന്റെ ഭാര്യയെയും അവനുള്ള സകലതുമായി പറഞ്ഞയച്ചു (ഉല്പത്തി. 12:17-20). അബിമേലെക്കിന്റെ കാര്യത്തിൽ ദൈവം രാത്രി ദർശനത്തിൽ അവനോടു പറഞ്ഞു, “നീ എടുത്ത സ്ത്രീ നിമിത്തം നീ മരിക്കും, അവൾ ഒരു പുരുഷന്റെ ഭാര്യ എന്നരുളിച്ചെയ്തു... ഇപ്പോൾ ആ പുരുഷന് അവന്റെ ഭാര്യയെ മടക്കിക്കൊടുക്ക അവൻ ഒരു പ്രവാചകൻ ആകുന്നു. നീ ജീവനോടെ ഇരിക്കേണ്ടതിന് അവൻ നിനക്കുവേണ്ടി പ്രാർത്ഥിക്കട്ടെ” (ഉല്പത്തി 20:3-7). കരുണാവാരിധിയായ ഈ ദൈവത്തെ അബ്രാഹാം അവിശ്വസിച്ചുപോയി ദൈവകൃപയിലും പരിജ്ഞാനത്തിലും വളരുന്തോറും ഈ പ്രവണതയിൽ നിന്ന് അവന് വിമോചനം ലഭിച്ചു.

ദൈവത്തിന്റെ വെളിപാടുകൾ ലഭിക്കുന്തോറും അബ്രാഹാം ഭയത്തിൽ നിന്ന് വിടുവിക്കപ്പെട്ടു. ദൈവത്തെ കൂടുതൽ കൂടുതലായി അറിയുകയും ചെയ്യുന്തോറും അവൻ വിശ്വാസത്തിൽ വളരുകയും ഭീതിയിൽ നിന്ന് മോചിതനാകുകയും ചെയ്തു. ദൈവം അവന് പ്രത്യക്ഷപ്പെട്ട് ഇപ്രകാരം അരുളിച്ചെയ്തു. “അബ്രാമേ ഭയപ്പെടേണ്ട.ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു” (ഉല്പത്തി. 15:1). ആദ്യം ദൈവത്തെ പരിചയും പ്രതിഫലവുമായി അംഗീകരിക്കുവാൻ അബ്രാഹാം മടിക്കയാണ്. പ്രശ്ന പരിഹാരത്തിന് മാനസിക ബുദ്ധിയിലും പരിസരങ്ങളിലും ആശ്രയിച്ചു. അപ്പോഴൊക്കെ അവൻ പരാജിതനായി എന്നാൽ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ അവൻ ആശ്രയിക്കാൻ തുടങ്ങിയപ്പോൾ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ തുടങ്ങി. ഒടുവിൽ അബ്രാഹാമിന്റെയും സാറയുടെയും ശരീരത്തിനു പുത്രോല്പാദനശേഷി നിശേഷം നഷ്ടമായ അവസരത്തിൽ അത്ഭുതകരമായി അവർക്ക് പുത്രോല്പാദനശേഷി നൽകി യിസ്ഹാക്കിൽക്കൂടെ യിസ്രായേൽ ജനത്തിന് ജന്മം നൽകി.

യിസ്ഹാക്കിന്റെ ജനനംവരെ അബ്രാഹാമിന്റെ വിശ്വാസം വർദ്ധമാനമായും കുറഞ്ഞും ഇരുന്നു. അതിനു ശേഷം അവൻ ‘വിശ്വാസികളുടെ പിതാവ്’ ആയി അറിയപ്പെട്ടു. ഉല്പത്തി 22-ാം അദ്ധ്യായത്തിൽ അബ്രാഹാമിന്റെ വിശ്വാസം അതിന്റെ പരമകാഷ്ഠയിൽ എത്തിയതായി കാണുന്നു. അവിടെ ദൈവം അബ്രാഹാമിനോട് അരുളിച്ചെയ്യുന്നത്, അവൻ സ്നേഹിക്കുന്ന തന്റെ ഏകജതനായ മകനെ മോരിയാ ദേശത്ത് കൂട്ടിക്കൊണ്ട് ചെന്ന് ദൈവം കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്കണം എന്നാണ്. അബ്രഹാമിനോടുകൂടെ മോരിയാമലയിലേക്ക് യാത്രചെയ്യുന്ന യിസ്ഹാക്കിന്റെ ചോദ്യം ഹോമയാഗത്തിനുള്ള ആട് എവിടെ? എന്നാണ്. “ദൈവം ഹോമയാഗത്തിന് ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊള്ളും മകനേ” എന്നായിരുന്നു ആ പിതാവിന്റെ ഉത്തരം. ദൈവം അബ്രാഹാമിന്റെ വിശ്വാസത്തെ ആദരിച്ചു. മകനെ അറുക്കേണ്ടതിന് കത്തി ഓങ്ങിയ അവസരത്തിൽ ദൈവം അബ്രാഹാമിനെ വിലക്കി. നിന്റെ ഏകജാതനായ പുത്രനെ തരുവാൻ നീ മടിക്കായ്കകൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു എന്ന് അവൻ അരുളിച്ചെയ്തു. ദൈവം ഒരുക്കിയ ആടിനെ അബ്രാഹാം പിടിച്ചു യിസ്ഹാക്കിനു പകരമായി യാഗം കഴിച്ചു. നൂറ്റാണ്ടുകൾക്കുശേഷം ദൈവം തന്റെ ഏകജാതനായ പുത്രനെ കാൽവറിക്രൂശിൽ സകല മനുഷ്യവർഗ്ഗത്തിന്റെയും പാപപരിഹാരത്തിനായി യാഗമായി ഏല്പിച്ചു കൊടുക്കുക തന്നെ ചെയ്തു.

# അപ്പൊസ്തലനായ പൗലൊസിനോടുകൂടെ ഒരു കർത്തൃമേശാചരണം

ജോർജ് സി. വറുഗീസ്, തിരുവനന്തപുരം

**ഈ** കഴിഞ്ഞ ഒരു വർഷത്തിലധികമായി നിരന്തരം ചർച്ചചെയ്യപ്പെടുന്നതും നമ്മുടെ മാസികകളിൽകൂടെ എഴുതപ്പെട്ടുകൊണ്ടിരിക്കുന്നതുമായ വിഷയങ്ങളാണ് ആഭരണധാരണം. ക്രിസ്തീയാരാധന, കർത്തൃമേശാചരണം തുടങ്ങിയവ. ദൈവജനത്തിന് കേടുവരുത്തുന്ന അനേക ലേഖനങ്ങൾ, പുസ്തകങ്ങൾ എന്നിവ ഇതിനോടകം പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് ആധികാരികമായ ലേഖനങ്ങളും പുസ്തകങ്ങളും ദൈവവചനാടിസ്ഥാനത്തിൽ കർത്തൃദാസന്മാർ എഴുതിയത് ദൈവജനത്തിന്റെ നന്മക്കായി പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ അടുത്ത സമയം ആത്മപ്രകാശിനിയുടെ ചുമതലയിൽ വചനപ്രകാശിനി വാല്യം V, ആരാധന: തിരുവചന വെളിച്ചത്തിൽ എന്ന ആധികാരിക ഗ്രന്ഥവും പ്രസിദ്ധീകരിച്ചു കഴിഞ്ഞു. "എന്നാൽ എല്ലാ തിരുവെഴുത്തും ദൈവനിശ്വാസീയ"മെന്ന പരിശുദ്ധാത്മാവിന്റെ സാരം ഇന്നും അനേകർ ഗ്രഹിച്ചിട്ടില്ലാത്തതിനാൽ വികലമായ ആരാധന ഓരോരുത്തരുടെയും സൗകര്യംപോലെ വിവാഹ വേദിയിലും ശവസംസ്കാര ശുശ്രൂഷാരംഗത്തും പൊതുവേദികളിലും ഇന്ന് തകൃതിയായി മുന്നേറുകയാണ്. ദൈവനാമത്തിന് അപമാനം വരുത്തുന്ന അത്രയും ദുർഘട നാളുകളിലാണ് നാമിന്ന്. നമ്മുടെ ഇഷ്ടംപോലെ തിരുവചനം വ്യാഖ്യാനിക്കാനും കേവലം മാനുഷിക നിർമ്മിതിയാണ് ബൈബിൾ എന്ന മട്ടിൽ ആ ദിവ്യഗ്രന്ഥത്തെപ്പറ്റി വിലയിരുത്തുവാനും അതിൽ പ്രസ്താവിച്ചിരിക്കുന്ന ക്രമങ്ങളെ മാറ്റി മറിക്കുവാനുമുള്ള ഔദ്ധത്യം, ഒരു ശ്വാസം മാത്രമായ മനുഷ്യൻ കാട്ടുന്നു. തങ്ങളുടെ പാണ്ഡിത്യത്തിന്റെയും വിശാലമനസ്കതയുടെയും ആരേയും ചേർത്തുകൊണ്ട് "മഹത്തായ വേല" ലോകനന്മയ്ക്കായി അവർ ഏറ്റെടുത്തിരിക്കുകയാണ്? പണ്ഡിതരെന്ന് സ്വയം അഭിമാനിക്കുന്ന ഈ കൂട്ടരും അവരെ കണ്ണുമടച്ച് വിശ്വസിക്കുന്നവരും കാറ്റിനെ മുഷ്ടിയിലൊതുക്കാൻ ശ്രമിക്കുന്നവരാണ്. എന്നാൽ നമ്മുടെ അമൂല്യമായ ഈ ആയുസ്സ് പാഴാക്കാതിരിക്കാം. നമ്മുടെ ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനുമായിട്ടത്രെ വിശുദ്ധതിരുവെഴുത്തുകൾ. ഇന്നല്ലെങ്കിൽ നാളെ ഈ മാരകഭ്രംശത്തെപ്പറ്റി അവർ ബോധവാന്മാരാകാതെ തരമില്ല. ആ സമയം വൈകിപ്പോകരുതേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. തിരുവെഴുത്തുകൾക്ക് സമാനമായി തിരുവെഴുത്തുകൾ മാത്രം. "നിന്റെ ന്യായപ്രമാണത്തോട് പ്രിയമുള്ളവർക്ക് മഹാ സമാധാനമുണ്ട്. അവർക്ക് വീഴ്ചയ്ക്ക് സംഗതി ഏതുമില്ല (സങ്കീ.119:165). സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗിയെല്ലാം പുല്ലിന്റെ പൂപോലെയും ആകുന്നു. പുല്ലു വാടി പൂവുതിർന്നുപോയി കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു. (1 പത്രൊസ് 1:24-25).

അപ്പൊസ്തലനായ പത്രൊസിന്റെ കൂടെ യെരുശലേമിലെ ആ പഴയ മാളികമുറിയിൽ നിന്നും (പ്രവ. 1:12) ആരംഭിച്ച സഭക്ക് എത്രയോ വമ്പിച്ച വളർച്ചയും പുരോഗമനവും ഉണ്ടായിരിക്കുന്നു എന്ന് ചില ഉപദേഷ്ടാക്കന്മാരും വഴികാട്ടികളും നമ്മെ ഉപദേശിച്ചേക്കാം. ഇന്നത്തെ ഗംഭീരങ്ങളായ അനേകം കത്തീഡ്രലിലുകളിൽ (ഭദ്രാസന പള്ളികളിൽ) ഒരെണ്ണം കാണുവാൻ അതിന്റെ മനോഹരവും വിശാലവുമായ ഉൾത്തലം കാൺമാൻ അതിന്റെ ഉള്ളിൽ നിന്നും ഇരമ്പിയെത്തുന്ന താളാത്മകമായ ഗാനധ്വനി കേൾക്കുവാൻ ഉള്ളിൽ സ്ഥലമില്ലാത്തതിനാൽ പുറത്തെ പൂമുഖത്തു നിന്നുപോലും അനേകർ 'കുർബ്ബാന' നോക്കിക്കണ്ടു സായൂജ്യമടയുന്നതു കാണുവാൻ പൗലൊസിന് കഴിഞ്ഞിരുന്നെങ്കിൽ എത്രയോ വളർച്ചയും പുരോഗമനവും സഭയ്ക്ക് കൈവന്നിരിക്കുന്നു എന്ന് തനിക്ക് ബോധ്യമായേനെ. സഭ പുരോഗമിച്ചിരിക്കുന്നു. ശരിതന്നെ, പക്ഷേ എതിർദിശയിലേ

---

അബ്രാഹാമിന്റെ വിശ്വാസം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടേയിരുന്നു. ഓരോ വിശ്വാസിയിലും ഇതുപോലെ വിശ്വാസം വർദ്ധിച്ചുകൊണ്ടേയിരിക്കണം. എബ്രായലേഖനകാരൻ അതിനെക്കുറിച്ചെഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. യിസ്ഹാക്കിൽ നിന്നും ജനിക്കപ്പെടുന്നവൻ നിന്റെ സന്തതി എന്നു വിളിക്കപ്പെടും എന്നു അരുളപ്പാടു ലഭിച്ചു വാഗ്ദത്തങ്ങളെ കൈക്കൊണ്ടവൻ തന്റെ ഏകജാതനെ അർപ്പിച്ചു. മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിപ്പാൻ ദൈവം ശക്തൻ എന്ന് എണ്ണുകയും അവരുടെ ഇടയിൽ നിന്ന് എഴുന്നേറ്റവനെപ്പോലെ അവനെ തിരികെ പ്രാപിക്കയും ചെയ്തു" (എബ്രാ. 11:18;19).

ദൈവത്തിന്റെ വചനം പൂർണ്ണമായി വിശ്വസിക്കുന്നതിലൂടെ മാത്രമേ വിശ്വാസം ശക്തിപ്പെടുകയുള്ളൂ. ദൈവവചനത്തിലുള്ള പൂർണ്ണമായ വിശ്വാസത്താലും പരിശുദ്ധാത്മ നിറവിലുമാണ് വിശ്വാസം ഫലപൂർണ്ണമായി തീരുന്നത്. നമ്മുടെ സ്വഭാവസവിശേഷതകൾ എന്തുതന്നെയായിരുന്നാലും അതിനെ മാറ്റിമറിക്കുവാൻ പരിശുദ്ധാത്മാവിനു കഴിയും. 'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു' എന്നുള്ള വാസ്തവം പ്രായോഗിക തലത്തിൽ അനുഭവവേദ്യമാകുവാൻ കർത്താവ് നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. (അവസാനിച്ചു.)

ക്കാണ്. ഉൽഗതിയിലേക്കല്ല, അധോഗതിയിലേക്കും ക്രിസ്തുവിൽ നിന്നും വളരെയേറെ അകല ത്തേക്കു പോയിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽനിന്നും വചനത്തിൽനിന്നും എത്രയോ വിദൂരതയിലാണ് ഇന്ന് സഭ. "കർത്താവിൽ നിന്ന് പ്രാപിക്കയും ഏല്പിക്കയും ചെയ്ത" പ്രബോധനങ്ങളിൽ നിന്നും (1 കൊരി. 11:23) എത്രയോ മാറ്റങ്ങൾ!

അപ്പൊസ്തലനായ പൗലൊസ് 2008 ലെ ഒരു കർതൃദിവസത്തിൽ തന്റെ യജമാനനെ ഓർക്കുന്ന കർത്തൃമേശയിൽ പങ്കുകൊള്ളുവാൻ കടന്നു വരുന്നു എന്നു കരുതുക. ഒരു വലിയ വാർത്ത തന്നെയായിരിക്കും അത്. അദ്ദേഹത്തെ കാണാനും ആദരപൂർവ്വം സ്വീകരിക്കാനും ആരാധനയിലേക്ക് ആനയിച്ചുകൊണ്ടുപോകാനും ഇതര സമുദായസ്ഥർ മുതൽ കേരളക്കരയിലെ പ്രാദേശിക സഭകളിൽപ്പെട്ട ഞാനുൾപ്പെടെ അനേകർ അവിടെ എത്തിയേക്കാം. (എല്ലാ ഞായറാഴ്ചയും കർത്തൃമേശാചരണം ഇല്ലാത്ത ചില വിഭാഗങ്ങളിലെ സഭകൾ പള്ളികൾ ഒഴികെ) അപ്പൊ. പ്രവൃ. 20:7 ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ഏതാണ്ട് 2000 വർഷം മുമ്പ് അവൻ ത്രോവാസിൽ വെച്ച് പങ്കുകൊണ്ട് അനുഭവിച്ച ആ അനുഗ്രഹാന്തരീക്ഷം ഇവിടെ എവിടെയെങ്കിലും തനിക്ക് കാണാനാകുമോ? കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ, അവന്റെ ഓർമ്മക്കായി അവന്റെ വരവോളം, അവന്റെ വരവിനെ പ്രസ്താവിക്കുന്നതായി, പരിശുദ്ധാത്മാവിൽ പ്രേരിതരായി കൂടിവരുന്ന ശിഷ്യസമൂഹത്തെ എവിടെയാണ് ഈ അനുഗ്രഹീത കർത്തൃദാസൻ കാണുക? തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം സഭ അനുവർത്തിച്ചു പോന്ന ആത്മീയാരാധനാക്രമം. ഇന്നും അതേ ആത്മീയക്രമം തന്നെ തീർച്ചയായും ദൈവസഭയിൽ ഉണ്ടായിരിക്കണം. സൗകര്യംപോലെ മാറ്റി മറിക്കാവുന്നതല്ല ഈ ആരാധനാ ക്രമങ്ങൾ. പ്രിയരേ അന്നു സഭയിൽ അനുവർത്തിച്ചുപോന്ന ആത്മീയാരാധനാക്രമവും ഇന്നു നാം വചനാടിസ്ഥാനത്തിൽ അനുവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ അതേക്രമവും അല്ലാതെ മറ്റൊരു ക്രമസംവിധാനവും അപ്പൊസ്തലൻ അംഗീകരിക്കുമെന്ന് നാം ചിന്തിച്ചുകൂടാ. തന്നെ കാണിച്ചുകൊടുത്ത രാത്രിയിൽ തന്റെ കർത്താവ് സ്ഥാപിച്ച് ഏൽപ്പിച്ചുകൊടുത്ത ആ മേശക്കനുസൃതമായ ഒരു മേശയിൽ പങ്കാളിയാകാൻ അവൻ അന്വേഷിച്ചു നടക്കും. അതിൽ കുറഞ്ഞതൊന്നു കൊണ്ടും താൻ തൃപ്തനാകയില്ല. അതിൽ കൂടിയതിലും അവൻ പങ്കുകൊള്ളുകയില്ല.

താൻ കർത്താവിൽ നിന്ന് നേരിട്ട് പ്രാപിച്ചതും കൊരിന്ത്യർക്ക് നേരിട്ട് ഏൽപിച്ചുകൊടുത്തതുമായ മേശ കൃത്യമായും ആ വിധം തന്നെ ആയിരിക്കണമെന്ന കാര്യത്തിൽ അപ്പൊസ്തലൻ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കുകയില്ല. ഇത് വിശ്വസിപ്പാനും അംഗീകരിപ്പാനും നടപ്പാക്കാനും ബാദ്ധ്യസ്ഥരാണ് നാം. പരിശുദ്ധാത്മ പ്രേരണയിലാണ് താൻ അവർക്ക് അത് ഏല്പിച്ചു കൊടുത്തത്. 1 കൊരി. 10,11 അദ്ധ്യായങ്ങളിൽ താൻ അവരെ അതോർപ്പിക്കുന്നു. ഒന്നാം ശതകത്തിലെ ദൈവിക ക്രമങ്ങളും ഇരുപതാം ശതകത്തിലെ മാനുഷിക ക്രമങ്ങളും പൗലൊസ് ഉപദേശിച്ചു കൊടുക്കുമെന്നോ അംഗീകരിക്കുമെന്നോ നമുക്ക് വിശ്വസിക്കാനാവില്ല. സ്വർഗ്ഗീയവ്യവസ്ഥയിൽ കൈകടത്തുവാൻ മനുഷ്യന് യാതൊരധികാരവുമില്ല. പെസഹാചാരണക്രമത്തിൽ ഒരു നിസ്സാര വ്യതിയാനമെങ്കിലും വരുത്താൻ യിസ്രായേലിന് അവകാശമോ അധികാരമോ ഇല്ലാതിരുന്നപോലെ നിന്റെ പ്രമാണങ്ങളെ കൃത്യമായി ആചരിക്കേണ്ടതിന് നീ അവയെ കല്പിച്ചു തന്നുമിരിക്കുന്നു (സങ്കീ. 119.4) കർത്തൃമേശ സംബന്ധമായി താൻ തന്നെ ഏർപ്പെടുത്തിത്തന്നിരിക്കുന്ന ക്രമത്തിന് ഒരു വള്ളിക്കൊ പുള്ളിക്കോ മാറ്റം വരുത്തുവാൻ യാതൊരുവനും അധികാരമോ അവകാശമൊ ഇല്ല തന്നെ. (തുടരും)

## അഭ്യർത്ഥന

**പൈങ്ങോട്ടൂർ** : സഭാകൂടിവരവ് 1996 ൽ ആരംഭിച്ചു. ഇപ്പോൾ 30 പേർ ആരാധനയ്ക്കായി ഒരു സഹോദരന്റെ ഭവനത്തിൽ കൂടിവരുന്നു. 10 സെന്റ് സ്ഥലം സഭയ്ക്കുവേണ്ടി S.A.I.യുടെ പേരിൽ വാങ്ങി. ഈ ആവശ്യത്തിലേക്ക് ഒരഭ്യർത്ഥനയും അയച്ചിരുന്നു. സഭകളായും വ്യക്തികളായും സഹായിച്ച് 2,52,300 ലഭിച്ചു. ഇവിടുത്തെ വിശ്വാസികൾ നിർധനരാണ്. 60,000 രൂപാ ശേഖരിച്ചു. ആകെ 3,12,300 രൂപാ ഉണ്ടായി സ്ഥലം ആധാരം ചെയ്തു കഴിഞ്ഞപ്പോൾ 3,49,100 രൂപാ ആയി. ഇപ്പോൾ 36,800 രൂപാ കടബാധ്യതയുണ്ട്. വാങ്ങിയ സ്ഥലത്ത് 40 X20 അളവിൽ ഒരു ഹാൾ ഉണ്ടാകണം. അതിന് 5 ലക്ഷം രൂപാ വേണ്ടിവരും. ആകയാൽ എല്ലാ ദൈവമക്കളുടെയും പ്രാർത്ഥനയും സഹകരണവും അപേക്ഷിച്ചുകൊള്ളുന്നു. എന്ന് ജോർജ് തോമസ്, കെ.വി. ദിൻകർ, ഒ.എസ്. ചന്ദ്രൻ. യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, പോത്താനിക്കാട് Jt. A.C. No. 4577 സംഭാവന അയയ്ക്കേണ്ട വിലാസം. O.S.Chandran . (Evg.), Ozhuvina Molath (H), Pothanicad. P.O. 866671.

## സുവിശേഷ വയലിലേക്ക്

**പാലേമാട്** : സഹോ. പി.എ. സേവ്യർ കുടുംബമായി ചില വർഷങ്ങളായി പാലേമാട് ബ്രദറൺ സഭയോട് ചേർന്ന് പൂർണ്ണസമയ സുവിശേഷകനായി പ്രവർത്തിച്ചു വരുന്നു. തന്റെ ശുശ്രൂഷ സഭയ്ക്ക് പ്രയോജനവും ബോധ്യവുമായിരിക്കുന്നു. തനിക്ക് ഭാര്യയും 2 പെൺ മക്കളുമാണുള്ളത്. മൂത്തമകളെ മലമ്പുഴ സുവി. കെ. ജോൺ വർഗീസിന്റെ മകൻ വിവാഹം കഴിച്ച് കുടുംബമായി സുവിശേഷ പ്രവർത്തനത്തിൽ തുടരുന്നു. സഹോദരനേയും കുടുംബത്തേയും ദൈവജനത്തിന്റെ പ്രാർത്ഥനാസഹകരണങ്ങളിൽ ഓർക്കേണമേ. വിലാസം പി.എ.സേവ്യർ, പുന്നയ്ക്കൽ ഹൗസ്, പള്ളിപ്പടി, പാലേമാട്, മലപ്പുറം 679331, ഫോൺ– 04931 – 278466. എന്ന് കെ. ഗോപിനാഥൻ, പി.പി. രാജു, ചാക്കോ വർഗീസ്.

# ചുങ്കക്കാരൻ മത്തായി

കെ.വി. ജോൺ, പത്തനാപുരം

മത്തായി = ദൈവത്തിന്റെ ദാനം. അല്ഫായുടെ മകൻ ലേവിയാണ് (മർക്കൊസ് 2:14) പിന്നീട് മത്തായി എന്നു വിളിക്കപ്പെട്ടത്. 3 സുവിശേഷകന്മാരും തന്റെ പേര് പരാമർശിക്കുന്നുണ്ട്. മത്തായി ചുങ്കക്കാരൻ മത്തായി എന്നും (10:3), മർക്കൊസ് മത്തായി എന്നും (3:18), ലൂക്കൊസ് മത്തായി എന്നും (6:15) പ്രവൃത്തികളുടെ പുസ്തകത്തിൽ മത്തായി എന്നും (1:13) പറഞ്ഞിരിക്കുന്നു. താൻ ചുങ്കം പിരിക്കുന്ന ഒരു ആഫീസർ ആയിരുന്നു (മർക്കൊസ് 2:14). ഒരു ദിവസം കർത്താവ് ആ ചുങ്കസ്ഥലത്തേക്ക് ചെന്നു. അവനോട് എന്നെ അനുഗമിക്ക എന്നു പറഞ്ഞു. അവൻ എഴുന്നേറ്റ് അവനെ അനുഗമിച്ചു.

ശ്രദ്ധിക്കുക. (1) മുമ്പു കർത്താവു വിളിച്ച ചിലരെപ്പോലെ (മത്തായി 4:18) മത്തായി ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോഴാണ് വിളിയുണ്ടായത്. സാത്താൻ അലസരെ പരീക്ഷിപ്പാനായി വിളിക്കുന്നു. ക്രിസ്തു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ തന്റെ ശുശ്രൂഷക്കായി വിളിക്കുന്നു. (2) മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഹീനമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോഴാണ് അവൻ വിളിക്കപ്പെട്ടത്. പൗലൊസിനെപ്പോലെ (1 തിമൊ. 1:13) മത്തായി തന്റെ പൂർവ്വ അനുഭവം സ്വന്തമായി അംഗീകരിക്കുന്നു. ദൈവകൃപ വെളിപ്പെടേണ്ടതിന് ഇത് സംഭവിച്ചു. (3) ക്രിസ്തുവിന്റെ സമാഹ്വാനത്തിന്റെ വശ്യശക്തി ഇവിടെ കാണാം. 'എന്നെ അനുഗമിക്കുക' എന്ന കല്പനയിൽ അനുഗമിക്കാനുള്ള ദുരാധർഷമായ പ്രേരകശക്തി ഉൾക്കൊണ്ടിരുന്നു. സുവിശേഷം രക്ഷിക്കുന്ന ദൈവശക്തിയാണല്ലോ (റോമർ 1:16). അവൻ എഴുന്നേറ്റു അവനെ അനുഗമിച്ചു. 'ജഡരക്തങ്ങളോട് താൻ ആലോചന ചോദിച്ചില്ല' (ഗലാ.1:15,16). അവൻ തിടുക്കത്തിൽ അവന്റെ കല്പന അനുസരിച്ചു. (സങ്കീ 119:60). (4) അവൻ അനുഗമിച്ചത് എന്നേക്കുമായിട്ടായിരുന്നു. പിന്നീടൊരിക്കലും മത്തായിയെ ആ ചുങ്കസ്ഥലത്ത് കണ്ടിട്ടില്ല.

ഒരർത്ഥത്തിൽ ക്രിസ്തുവിന്റെ വിളിക്ക് മത്തായി നല്കിയ മറുപടി പത്രൊസിന്റെയും അന്ത്രയാസിന്റേയുമോ, യാക്കോബിന്റെയും യോഹന്നാന്റെയുമോ വിശ്വാസത്തിന്റെ പ്രവൃത്തിയേക്കാൾ ശ്രേഷ്ഠമായിരുന്നു. മത്സ്യബന്ധനക്കാർ എപ്പോൾ വേണമെങ്കിലും ആ തൊഴിലിലേക്ക് മടങ്ങാമായിരുന്നു. എന്തുകൊണ്ടെന്നാൽ അവർ ക്രിസ്തുവിനെ അനുഗമിച്ചപ്പോൾ തങ്ങളുടെ പടകും വലയും ദഹിപ്പിച്ചിരുന്നില്ല. ക്രിസ്തുവിന്റെ മരണം തങ്ങളുടെ പ്രത്യാശയ്ക്ക് ഭംഗം വരുത്തിയെന്നു തോന്നിയപ്പോൾ അവർ മീൻപിടുത്തത്തിന് മടങ്ങിപ്പോയിട്ടുമുണ്ട്. (യോഹ 21:1-3). എന്നാൽ മത്തായിക്കോ അങ്ങനെയൊരു മടങ്ങിപ്പോക്ക് സാധ്യമായിരുന്നില്ല. അവന്റ ആദായകരമായ ഉദ്യോഗത്തിൽ അപ്പോൾത്തന്നെ വേറെ ആളെ നിയമിക്കുമായിരുന്നു. ഒരു മുൻ ചുങ്കക്കാരന് മറ്റൊരു തൊഴിൽ കിട്ടാൻ ബുദ്ധിമുട്ടായിരുന്നു. യേശുവിനെ പിന്തുടരുകയാൽ താൻ സകലവും അപകടത്തിലാക്കുകയായിരുന്നു. (He risked everything) 'എങ്കിലും എനിക്ക് ലാഭമായിരുന്നതൊക്കെയും ക്രിസ്തു നിമിത്തം ചേതമെന്നെണ്ണി' എന്നു പറയുവാൻ തനിക്കു കഴിയും (ഫിലി.3:7).

മത്തായി എന്തപേക്ഷിച്ചുവെന്നും എന്തു കണ്ടെത്തിയെന്നും നോക്കുക. സുഖകരമായ ഒരു ജോലി അവൻ വിട്ടു. എന്നാൽ നല്ല ജോലി അവൻ കണ്ടെത്തി. നല്ല സുരക്ഷിതത്വം കൈവിട്ടു. ക്രിസ്തുവിനുവേണ്ടി സാഹസികത്വം സ്വീകരിച്ചു. ലോകപ്രകാരം ഉയരാനുള്ള ആശ അവൻ ഉപേക്ഷിച്ചു എന്നാൽ അവൻ മുമ്പ് അനുഭവിച്ചിട്ടില്ലാത്ത സന്തോഷവും സമാധാനവും കണ്ടെത്തി. ക്രിസ്തുവിനെപ്രതി എന്തെല്ലാം ഉപേക്ഷിച്ചുവോ അതിനെ വെല്ലുന്ന സമ്പത്ത് ക്രിസ്തുവിൽ കണ്ടെത്തി. ശുല്കഗ്രാഹി പിന്നീട് ക്രിസ്തുവിന്റെ അപ്പൊസ്തലനായി.

ചുങ്കക്കാരന്റെ മേശ അവൻ വിട്ടു. എന്നാൽ ആ പേന അവൻ കൊണ്ടുപോന്നു. യേശുവിന്റെ അടുക്കൽ വരുമ്പോൾ കൊണ്ടുവരുന്ന ഏതു നിസ്സാര ദാനത്തേയും എങ്ങനെ ഉപയോഗപ്പെടുത്തുവാൻ അവനു കഴിയും എന്നതിന്റെ മകുടോദാഹരണമാണിത്. യേശുവിന്റെ ശിഷ്യന്മാരിൽ പലരും വിദ്യാഭ്യാസം കുറഞ്ഞവരായിരുന്നു. എന്നാൽ മത്തായിക്ക് അതുണ്ടായിരുന്നു. താൻ ഉദ്യോഗത്തിലിരുന്നപ്പോൾ എഴുതാനുണ്ടായിരുന്ന നൈസർഗ്ഗിക സാമർത്ഥ്യം ഉപയോഗിച്ച് യേശുവിന്റെ ഉപദേശങ്ങളുടെ സംക്ഷിപ്തരൂപം എഴുതി. അത് ലോകം വായിച്ചിട്ടുള്ളതിലേക്കും മനോഹര രചനയായി ത്തീർന്നു.

ഓരോ വിശ്വാസിയും എഴുന്നേറ്റു കർത്താവിന്റെ സേവനത്തിൽ അവനെ അനുഗമിച്ചിരുന്നെങ്കിൽ! ദൈവരാജ്യം പുരോഗമിക്കണമെന്ന് നമുക്കുണ്ട്. എന്നാൽ ആ ജോലി ചെയ്യാൻ മറ്റാരെയെങ്കിലും നാം നോക്കുകയാണ്. നമുക്ക് ഒരു സൺഡേസ്കൂൾ വേണം. എന്നാൽ മറ്റാരെങ്കിലും ആ ക്ലാസ്സ് എടുക്കട്ടെ. നമുക്ക് മിഷനറിമാരെ അയയ്ക്കണം. എന്നാൽ മറ്റാരെങ്കിലും പോകട്ടെ. ഈ മനോഭാവം മാറിയേ തീരൂ.

“ഇംഗ്ലണ്ടിൽ ടെയിലർ കുടുംബത്തിൽ 2 സഹോദരന്മാർ ഉണ്ടായിരുന്നു. അവരിൽ മൂത്തവൻ തനിക്ക് ഒരു പേരു സമ്പാദിച്ച് പ്രസിദ്ധനാകാൻ തീരുമാനിച്ചു. അവൻ സ്വയം പറഞ്ഞു. 'എന്തുകൊണ്ട് ഞാൻ ഒരു ദിവസം പ്രധാനമന്ത്രി ആയിത്തീർന്നുകൂടാ?”

ഇളയസഹോദരൻ ഹഡ്സൺ ടെയിലർക്ക് പ്രസിദ്ധനായിത്തീരാനുള്ള ആകാംക്ഷയൊന്നുമില്ലായിരുന്നു. അവന് പ്രധാനമന്ത്രിയായിത്തീരാനുള്ള ആഗ്രഹവുമില്ലായിരുന്നു. തന്റെ ജീവിതം മുഴുവൻ യേശുകർത്താവിന്റെ സേവനത്തിൽ ചെലവഴിച്ചു. അങ്ങനെ ചൈനയിലുള്ള മിഷൻ ഫീൽഡിലേക്ക് താൻ തിരിച്ചു. 1905 ൽ ഹഡ്സൺ ടെയിലർ നിര്യാതനായപ്പോൾ പുറജാതിലോകമാകുന്ന ചൈനയിൽ അവൻ ദൈവത്തിനുവേണ്ടി അനുഷ്ഠിച്ച സേവനം മൂലം അദ്ദേഹത്തിന്റെ നാമം ലോകം മുഴുവൻ അറിയപ്പെട്ടിരുന്നു. ഈ 2 സഹോദരന്മാരെയും പരിചയമുണ്ടായിരുന്ന ഒരാൾ ഈ മൂത്ത സഹോദരന് എന്തു സംഭവിച്ചു എന്ന് അതിശയിച്ചു. എൻസൈക്ലോപീഡിയായിൽ നോക്കി ഇതു കണ്ടുപിടിക്കാൻ താൻ തീരുമാനിച്ചു. അവിടെ കണ്ടത് ഇതു മാത്രം അവൻ ഹഡ്സൺ ടെയിലറുടെ സഹോദരനായിരുന്നു. അവൻ അശേഷം പ്രസിദ്ധനായില്ല. ചൈനായിലെ മിഷൻഫീൽഡിൽ സകലവും ദൈവസേവയിൽ ചെലവഴിച്ചവന്റെ സഹോദരൻ എന്നുമാത്രം അയാൾ അറിയപ്പെട്ടു. (സുവിശേഷകൻ, ഡിസംബർ 1968, P. 27).

**മത്തായി 9:10** 'വീട്ടിൽ ഭക്ഷണത്തിനിരുന്നു' ലൂക്കൊസ് പറയുന്നത് ലേവിയുടെ വീട്ടിൽ വെച്ചായിരുന്നു ഈ വിരുന്നു നടന്നത് എന്നാണ് (5:29) യേശു ചുങ്കക്കാരോടും പാപികളോടും കൂടെ തിന്നുകുടിക്കുന്നത് യഹൂദന്റെ ദൃഷ്ടിയിൽ ഏറ്റം മോശമായിരുന്നു. 'ചുങ്കക്കാരും പാപികളും' എന്നത് 'നീതിമാന്മാർ' എന്നതിനു വിപരീതമായി പുച്ഛരസമായി ഉപയോഗിച്ചുവന്നു. അസ്പൃശ്യന്മാരോടുകൂടെ സഹകരിക്കുന്ന യേശുവിന്റെ സന്മനസ് സുവിശേഷങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (ലൂക്കൊസ് 15:1,2; 19:1-10).

ക്രിസ്തുവിനെ സേവിക്കാനുള്ള തീരുമാനം ആഘോഷിക്കാനും തന്റെ പൂർവ്വ സ്നേഹിതരെ പുതിയ യജമാനനുമായി പരിചയപ്പെടുത്തുവാനും താൻ ഒരു വലിയ വിരുന്നൊരുക്കി. അവരും യേശുവിനെ അനുഗമിക്കണമെന്നായിരുന്നു മത്തായിയുടെ താല്പര്യം. ജോൺ വെസ്ലി ഒരിക്കൽ പറഞ്ഞു, ഒരു മനുഷ്യനും തനിയെ സ്വർഗ്ഗത്തിൽ പോയിട്ടില്ല. ഒന്നുകിൽ അവനു സ്നേഹിതന്മാർ കാണും. അല്ലെങ്കിൽ അവൻ സ്നേഹിതന്മാരെ ഉണ്ടാക്കും. നാം കണ്ടെത്തിയ ഭാഗ്യം മറ്റുള്ളവർക്കുകൂടെ പങ്കുവയ്ക്കുന്നത് ക്രിസ്തീയ ധർമ്മമാണ്.

ഈ വിരുന്ന് മഹൽസ്നേഹത്തിന്റെ വെളിപ്പാട് സ്പന്ദിക്കുന്ന ഒന്നായിരുന്നു. നഷ്ടപ്പെട്ട ആത്മാക്കളെ തേടി ഏതു സ്ഥലത്തും ചെന്നെത്തുന്ന യേശുവിന്റെ സ്നേഹം ഇവിടെ ദർശിക്കാം. മാത്രമല്ല, അത് പാപികൾ യേശുവിനെ സ്നേഹിക്കാൻ പ്രേരിപ്പിച്ച സ്നേഹമായിരുന്നു. ജെയിംസ് ബാറി പറയുന്നു: സ്നേഹം അന്ധമല്ല. പിന്നെയോ, മറ്റുള്ളവരിലെ നന്മ കാണാൻ നമ്മെ സഹായിക്കുന്ന അധികദൃഷ്ടി അതിനുണ്ട്. യേശുവിന്റെ മഹാസ്നേഹം ചുങ്കക്കാരുടെ പരുപരുത്ത ബാഹ്യതലത്തിലെ നന്മകാണാൻ അവനെ സഹായിച്ചു. ഇത് ചുങ്കക്കാർ പെട്ടെന്ന് യേശുവിനെ സ്നേഹിക്കാൻ ഇടയാക്കി. അത് ഒരു മഹത്കൂട്ടായ്മ പ്രദാനം ചെയ്ത സ്നേഹമായിരുന്നു.

കർത്താവ് വെളിപ്പെടുത്തിയ മഹാ സ്നേഹത്തോട് കിടപിടിക്കുന്നതായിരുന്നു മത്തായിയുടെ ത്യാഗം. മത്തായിക്കു ലഭിച്ച വിളി ദുഷ്ടസാഹചര്യങ്ങളിൽനിന്നും കൂട്ടുകാരിൽ നിന്നും അവനെ വേർപിരിക്കുന്നതായിരുന്നു. പലതിനെയും വിട്ടുപിരിയാൻ ധൈര്യം കാണിക്കാത്തതുമൂലം എത്രയോപേരുടെ ജീവിതം ശുഷ്കമായിത്തീരുന്നു. മഹാസ്നേഹത്തെ മഹാസ്നേഹം കൊണ്ട് മത്തായി അഭിമുഖീകരിച്ചു. ക്രിസ്തുവിന്റെ മഹാത്യാഗം മഹാത്യാഗത്തിനുള്ള പ്രേരണ നൽകി. ധനം, ആഡംബരം, ലൗകികത്വം സകലവും അവൻ ക്രിസ്തുവിനായി സമർപ്പിച്ചു.

അതിഥി സൽക്കാരം മത്തായിയുടെ രൂപാന്തരപ്പെട്ട ജീവിതത്തിന്റെ തെളിവാണ്. 'പിറുപിറുപ്പു കൂടാതെ തമ്മിൽ അതിഥിസൽക്കാരം ആചരിപ്പിൻ' എന്ന് പത്രൊസ് സഹവിശ്വാസികളെ പ്രബോധിപ്പിക്കുന്നു (1 പത്രൊ. 4:9). (തുടരും)

---

## പുസ്തക പരിചയം

**സങ്കീർത്തനഭാഷ്യം** : രചന - സി.വി. വടവന

ആശ്രയം, ആശ്വാസം, അഭയം എന്നിവ തേടുന്നവർക്കുള്ള അത്താണിയാണ് സങ്കീർത്തനങ്ങൾ. ഏറെ വ്യത്യസ്തവും ധ്യാനാത്മകവുമാണ് ഈ ഭാഷ്യം. 150 സങ്കീർത്തനങ്ങളുടെയും വിശദപഠനം, പ്രസംഗകുറിപ്പുകൾ, പശ്ചാത്തല വിവരണം, മൂലപദങ്ങളുടെ അർത്ഥ വിശദീകരണം എന്നത് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതകളാണ്. വില 250 രൂപ. പേജ് 1079.

**1001 പ്രസംഗകുറിപ്പുകൾ** : രചന - സി.വി. വടവന

ഒത്തുവാക്യങ്ങളും സമാനവാക്യങ്ങളും ഉള്ളതും വിവിധ ക്രിസ്തീയ ശുശ്രൂഷാവേളകളിൽ ഉപയോഗിക്കുവാൻ അനുയോജ്യം. വില 100 രൂപ. പേജ് 325. പ്രസാധകർ- സത്യം പബ്ലിക്കേഷൻസ്, തോട്ടഭാഗം പി.ഒ. തിരുവല്ല - 689 541.

## വിലാസമാറ്റം

സുവിശേഷകൻ എം.സി. രാജന്റെ പുതിയ വിലാസം M.C. Rajan, Bethany Brethren Assembly, Prayer Hall, New Scwa Nagar, Meerut Road,Ghaziabad, U.P-201003.

**ചെമ്മരപ്പള്ളി :** ബ്രദറൺ അസംബ്ലിയുടെ വിലാസം. K.J. Jacob, Kulathilparambil House, Manganam. P.O., Kottayam- 686018, സഭയ്ക്കു വേണ്ടി C.J. Daniel, John P. Paul., M.S. Daniel.

# "യൗവ്വനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക"

കുഞ്ഞമ്മ ചാക്കോ, പള്ളിക്കൽ

**ഈ** ലോകം ക്ഷണികമാണ്. ഇവിടെ നില നിൽക്കുന്നതു ഒന്നുമില്ല. ദൈവം തന്റെ സ്വരൂപ ത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. ദൈവം നൽകിയ കല്പന മനുഷ്യൻ ലംഘിച്ചു. അതുകൊണ്ട് ഏക മനുഷ്യനാൽ പാപവും പാപ ത്താൽ മരണവും ലോകത്തിൽ കടന്നു (റോമർ 5:12). ഒരു വ്യത്യാസവും ഇല്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോമർ 3:23). ദൈവതേജസ്സ് നഷ്ടപ്പെട്ട, മരണ ത്തിനു വിധിക്കപ്പെട്ട മനുഷ്യനോടുള്ള ദൈവ ത്തിന്റെ ആലോചനയാണ് "*നിന്റെ യൗവനകാ ലത്തു നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക*"(സ ഭാ.12:1) എന്നത്. മനുഷ്യജീവിതം ക്ഷണികമാണ്. സങ്കീർത്തനക്കാരന്റെ വാക്കുകൾ ശ്രദ്ധിക്കുക: "*ഇതാ നീ എന്റെ നാളുകളെ നാലു വിരൽ നീളം ആക്കിയിരിക്കുന്നു. എന്റെ ആയുസ്സ് നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെ ഇരിക്കുന്നു. ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസ മത്രേ*" (സങ്കീ. 39:5). ബാല്യം, കൗമാരം, യൗവ്വ നം, വാർദ്ധക്യം ഇതിൽ ഏറ്റവും ഭയപ്പെടേണ്ട കാലം യൗവ്വനകാലം ആണ്. ഏതു അധർമ്മവും പ്രവർത്തിക്കുവാൻ മടിക്കാത്ത പ്രായം. സഹോദ രിമാരേ, പാപം ചെയ്തു ജീവിതം നശിപ്പിക്കാതെ യൗവ്വനക്കാർ മാത്രമല്ല, എല്ലാ പ്രായത്തിലുള്ള വരും ദൈവത്തെ അറിയണം. പുത്രനിൽ കൂടെ യുള്ള ആത്മരക്ഷ പ്രാപിക്കണം. യൗവനകാലം കഴിയുമ്പോൾ ദുർദ്ദിവസങ്ങൾ ജീവിതത്തിലേക്ക് കടുന്നുവരും. സഭാ.12:1-8 വരെയുള്ള വാക്യങ്ങ ളിൽ മനുഷ്യർ അനുഭവിക്കേണ്ടിയ വേദനയേറിയ അനുഭവങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്നു. യൗവ നകാലം കഴിയുമ്പോൾ സൂര്യനും വെളിച്ചവും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടുപോകും. അതാ യതു, അപ്പനും അമ്മയും സഹോദരങ്ങളും അതു വരെ ജീവിതത്തിൽ പ്രകാശിച്ചു കൊണ്ടിരുന്നതു പലതും ഇല്ലാതാകും. പലരും രോഗബാധിതരാകും ക്ഷീണിതരാകും.

1. അന്നു വീട്ടുകാവൽക്കാർ വിറയ്ക്കും. ദൈവം തന്റെ കൈകൊണ്ടു നിർമ്മിച്ച മനുഷ്യശരീരമാ കുന്ന വീടിനു അവയവങ്ങൾ ഉണ്ട്. അതിൽ ഒന്നാണു കാലുകൾ. കാലുകൾ ശരീരത്തിന്റെ കാവൽക്കാർ ആണ്. വാർദ്ധക്യമാകുമ്പോൾ കാലിന്റെ ബലം ക്ഷയിക്കും. ശരീരത്തിന്റെ ഭാരം താങ്ങുവാൻ വയ്യാതെ കാവൽക്കാർ ആകുന്ന കാലുകൾ വിറയ്ക്കും.

2. അന്നു ബലവാന്മാർ കുനിയും. ശരീരത്തിന്റെ പ്രധാന അവയവം നട്ടെല്ലാണ്. പ്രായമാകുമ്പോൾ മജ്ജയും രക്തവും വറ്റും; ബലം ക്ഷയിക്കും. അപ്പോൾ ബലവാന്മാർ താനെ കുനിയും.

3. അരയ്ക്കുന്നവർ ചുരുക്കമാകയാൽ അടങ്ങി യിരിക്കും. പ്രായമാകുമ്പോൾ പല്ലുകൾ കേടു പിടിച്ചു ഒന്നൊന്നായി പൊഴിയുവാൻ തുടങ്ങും. ആഹാരം ചവച്ചരച്ച് കഴിക്കുവാൻ പാടില്ലാതെ വരും.

4. കിളിവാതിലുകളിൽ കൂടി നോക്കുന്നവർ അന്ധന്മാർ ആകും. ശരീരത്തിന്റെ കിളിവാതിലു കളിൽ വെച്ചിരിക്കുന്ന രണ്ട് കണ്ണുകളുടെയും കാഴ്ച കുറയും. എന്നാൽ നിങ്ങളുടെ കണ്ണു കാണു ന്നതുകൊണ്ടും നിങ്ങളുടെ ചെവി കേൾക്കുന്നതു കൊണ്ടും ഭാഗ്യമുള്ളവർ (മത്തായി 13:16-17). നമുക്ക് വേണ്ടി ജീവൻ തന്നു നമ്മെ രക്ഷിച്ച കർത്താ വിനെ കാണുവാൻ, അവന്റെ ഇമ്പ ശബ്ദം കേൾക്കുവാൻ, ഏഴകളാകുന്ന നമുക്കും ഭാഗ്യം ലഭിച്ചു അവനിൽ വസിച്ചു അവന്റെ ഇഷ്ടം ചെയ്യു വാൻ നമ്മെ സമർപ്പിക്കാം.

5. തെരുവിങ്കലെ കതകുകൾ അടയും. വെളി യിലെ ശബ്ദം പിടിച്ചെടുക്കുന്ന രണ്ടു ചെവി കളുടെയും കേൾവി കുറയും.

6. പക്ഷികളുടെ ശബ്ദത്തിങ്കൾ ഉണർന്നു പോകും. പ്രായമാകുമ്പോൾ പലർക്കും ഉറക്കം കുറയും. എന്റെ പ്രിയനോ അവൻ ഉറക്കം കൊടുക്കും. ഉറക്കം വേണ്ടവർ ദൈവത്തോടു യാചിക്കട്ടെ, അവൻ ഉറക്കം തരും.

7. പാട്ടുകാരത്തികൾ ഒക്കെയും തളരും. വാർദ്ധ ക്യത്തിലായവർക്ക് ഉറക്കെ പാടാൻ പ്രയാസമാണ്. ശ്വാസകോശത്തിനു ബലക്ഷയം നേരിടും.

8. അന്നു അവർ കയറ്റത്തെ പേടിക്കും. വഴിയിൽ ഭീതി ഉള്ളതായി തോന്നും. വാർദ്ധക്യത്തി ലായവർക്കു ഉയരത്തിൽ കയറുവാനോ ഇറങ്ങു വാനോ പ്രയാസം ഉണ്ടാകും. ഉൾഭീതി അവരിലുണ്ട്.

9. ബദാം വൃക്ഷം പൂക്കും. തലമുടി നരക്കും. ഇതു പലർക്കും അനിഷ്ടം തോന്നുന്ന ഒന്നാണ്. എന്നും ചെറുപ്പം ആയിരിപ്പാൻ പലരും ആഗ്രഹി ക്കുന്നു. അതിനു ചെറിയ കരി ഓയിൽ പ്രയോഗം ആത്മികരായ പല സഹോദരിമാരും നടത്താറുണ്ടു. എന്നാൽ നരയെക്കുറിച്ച് ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക: (1). നരച്ചവന്റെ മുമ്പാകെ എഴുന്നേ ല്ക്കയും വൃദ്ധന്റെ മുഖം ബഹുമാനിക്കയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം (ലേവ്യ.19:32). നരച്ചവരുടെ മുമ്പിൽ എഴുന്നേല്ക്കണം കാരണം നരച്ചവർ ദൈവത്താൽ ആദരണീയർ ആണ്. ഇത് അമ്മമാർ മക്കളെ പഠിപ്പിച്ചാൽ നന്ന്. (2). വൃദ്ധന്മാ

# മാളികമുറി പ്രഭാഷണം - 5

**ഡോ. ഒ.എം. സാമുവേൽ**

സാത്താന്റെ അധീനതയിലുള്ള ഈ ലോകത്തിൽ നാം സഞ്ചരിക്കുമ്പോൾ നമ്മുടെ പാദങ്ങൾ മലിനമാകുവാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ദിനംതോറും ആവശ്യമുള്ള, ജീവിതത്തിൽ അനിവാര്യമായ, ഒരു കഴുകൽ ഉണ്ട്. ആ കഴുകൽ കൊണ്ട് ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മാബന്ധം മധുരതരമാകുന്നു. യോഹ. 13:10-ൽ പറഞ്ഞിരിക്കുന്ന കഴുകലിന്റെ മൂലഭാഷയിലുള്ള കാലവും ഈ സത്യം പഠിപ്പിക്കുന്നു. സമ്പൂർണ്ണമായി നടന്നു കഴിഞ്ഞ ഒരു കാര്യമാണ് ഇവിടെ വിവരിക്കുന്നത്. പഴയനിയമത്തിൽ ഒരു പുരോഹിതനെ ശുശ്രൂഷയ്ക്കായി നിയോഗിക്കുമ്പോൾ അവൻ ശരീരം മുഴുവനും കഴുകി ശുദ്ധിയുള്ളവനാകുന്നു. ഈ പൂർണ്ണമായ കഴുകൽ പിന്നീട് ആവർത്തിക്കപ്പെടുന്നില്ല. എന്നാൽ പുരോഹിതൻ അവന്റെ കൈകാലുകൾ പിച്ചളത്തൊട്ടിയിലെ വെള്ളത്തിൽ കഴുകേണ്ടതുണ്ട്. എങ്കിൽ മാത്രമേ പുരോഹിതന് വിശുദ്ധസ്ഥലത്ത് പ്രവേശിച്ച് നിലവിളക്കിന്റെ കരിന്തിരി മുറിക്കാനും, കാഴ്ചയപ്പം ഭക്ഷിക്കാനും ധൂപകലശത്തിലെ ശുശ്രൂഷ ചെയ്യുവാനും കഴിയുകയുള്ളൂ. യേശുക്രിസ്തു ചൊരിഞ്ഞ രക്തത്താൽ നമുക്ക് പാപത്തിൽ നിന്നുള്ള ശുദ്ധീകരണം ഒരിക്കലായി സമ്പൂർണ്ണമായി സാധിച്ചുകഴിഞ്ഞു. അവന്റെ വചനമാകുന്ന വെള്ളത്താലുള്ള പ്രതിദിനശുദ്ധീകരണമാണ് പിന്നീട് നമുക്ക് വേണ്ടത്.

അർത്ഥവത്തായ പാദപ്രക്ഷാളനശുശ്രൂഷ പൂർത്തിയാക്കിയ ശേഷം യേശുക്രിസ്തു ശിഷ്യന്മാരോട് പറഞ്ഞത് നിങ്ങളും തമ്മിൽ കഴുകേണമെന്നാണ്. ശിഷ്യന്മാർ കർത്താവിനെ ഗുരു എന്നും കർത്താവ് എന്നുംആണ് സംബോധന ചെയ്തിരുന്നത്. എല്ലാ അർത്ഥത്തിലും ഈ വിളി ശരിയായിരുന്നു. യേശുക്രിസ്തുവിനെപ്പോലെ ഒരു ഗുരുവിനെ ലോകം കണ്ടിട്ടില്ല. അതുകൊണ്ട് തന്നെ അവരുടെ കർത്താവായിട്ടും യേശുക്രിസ്തുവിനെ അവർ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തു. എന്നാൽ യേശുക്രിസ്തു അവരോട് സംസാരിക്കുമ്പോൾ ഈ വാക്കുകളുടെ ക്രമം വ്യത്യാസപ്പെടുത്തുന്നത് ചിന്തനീയമാണ്. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകിയതുപോലെ നിങ്ങളും കഴുകുക. ഇവിടെ യേശുവിന്റെ കർത്തൃത്വത്തിന് മുൻഗണന നൽകിയിരിക്കുന്നു. ഇന്ന് ഈ സത്യം വളരെ ശ്രദ്ധയോടുകൂടി വിലയിരുത്തേണ്ട ഒന്നാണ്. യേശുവിനെ ഗുരുനാഥനായിട്ടും നേതാവായിട്ടും മനസ്സിലാക്കുന്നവരുണ്ട്. എന്നാൽ യേശുക്രിസ്തുവിനെ കർത്താവായി അവന്റെ കർത്തൃത്വത്തെ അംഗീകരിക്കുന്നവരുടെ എണ്ണം കുറയും. വിശ്വാസികളുടെ മദ്ധ്യത്തിൽ പോലും ഈ വിഷയത്തിന്റെ പ്രാധാന്യം അവഗണിക്കപ്പെടുകയാണ്. നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിന്റെ മാതൃക നാം സ്വീകരിക്കുന്നതിൽ എന്തിനു മടിക്കണം. തുറന്ന മനസ്സോടുകൂടെ തന്നെ നമുക്കു തമ്മിൽ തമ്മിൽ കഴുകാം.

നാം തമ്മിൽ തമ്മിൽ കഴുകണമെന്ന് കർത്താവ് നിർദ്ദേശിക്കുമ്പോൾ നാം എങ്ങിനെ കഴുകണമെന്നുകൂടി ചിന്തിക്കണം. ഇവിടെ കഴുകുകയെന്നു പറഞ്ഞിരിക്കുന്നത് ആക്ഷരിക അർത്ഥത്തിലോ ആത്മീകാർത്ഥത്തിലോ എന്നുള്ളത് ഗ്രഹിച്ചിരിക്കണം. ചിലരെ സംബന്ധിച്ചിടത്തോളം ആക്ഷരികാർത്ഥത്തിൽ ഒരു ആചാരമായി നാം അനുവർത്തിക്കേണ്ട ശുശ്രൂഷയാണ് എന്ന് ധരിച്ചിട്ടുണ്ട്.

---

രുടെ നര അവരുടെ ഭൂഷണം ആകുന്നു (സദൃ. 20:29). (3). നരച്ചവന്റെ തല ശോഭയുള്ള കിരീടമാകുന്നു (സാദൃ.16:31 ). മുടി നരയ്ക്ക തന്നെ വേണം. അതു ബഹുമാനമാണ്, നല്ലതാണ്, യോഗ്യമാണ്, ശോഭയുള്ള കിരീടവുമാണ്. സഹോദരിമാരേ, ഇത്രമാത്രം മാന്യതയുള്ള തലയെ ഡൈ ചെയ്ത് നിങ്ങൾ മലിനപ്പെടുത്തരുതേ.

10. തുള്ളൻ ഇഴഞ്ഞു നടക്കും. തുള്ളൻ ഒരു പുഴുവാണ്. പ്രായമായ പലർക്കും ഏതോ ഇഴയും പോലെ തോന്നും.

11. രോചനക്കുരു മരുന്നാണു, അതു ഫലിക്കാതെ വരും. ഓർമ്മശക്തികുറയും. മനുഷ്യൻ തന്റെ ശ്വാശത ഭവനത്തിലേക്കു പോകും.

12. അന്നു വെള്ളിച്ചരടു അറ്റു പോകും. ഞരമ്പുകളുടെ പ്രവർത്തനം ഇല്ലാതാകും.

13. പൊൻകിണ്ണം തകരും; ഹൃദയത്തിന്റെ പ്രവർത്തനം നിലക്കും.

14. ഉറവിങ്കലെ കുടം ഉടയും; കിണറ്റിങ്കലെ ചക്രം തകരും. ജീവശ്വാസം ശരീരത്തിൽ നിന്നു വിട്ടു പോകും. ശരീരം നിർജ്ജീവം ആകും. പൊടി പണ്ട് ആയിരുന്നതു പോലെ ഭൂമിയിലേക്കു തിരികേ ചേരും. പ്രിയ സഹോദരിമാരേ, മനുഷ്യജീവിതം വെറും ക്ഷണികമാണ്. നാം ഒരുനാൾ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കേണ്ടവരാണ്. ഇന്നു രഹസ്യമായി ചെയ്യുന്ന സകലത്തിനും നാം ദൈവസന്നിധിയിൽ കണക്കുകൊടുക്കേണ്ടി വരും (സഭാ.12:13-14). ഇതു ക്ഷണികമായ ജീവിതമാകുന്നു. നാം ഇവിടെ പരദേശികളാകുന്നു. കർത്താവൊരുക്കുന്ന നമ്മുടെ ഭവനത്തിൽ എത്തുവോളം ഈ ലോകത്തിനു അനുരൂപമാകാതെ ദൈവത്തിനു പ്രസാദമുള്ളവരായി ജീവിപ്പാൻ നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കാം. ●

എന്നാൽ വേദഭാഗം ശ്രദ്ധിച്ചു പഠിക്കുമ്പോൾ കേവലം ഒരു ആചാരമായി കാലുകൾ കഴുകുന്ന കാര്യമല്ല ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. തന്നെയുമല്ല, അങ്ങനെയായിരുന്നെങ്കിൽ ഒന്നാം നൂറ്റാണ്ടു മുതലുള്ള സഭകളും അപ്രകാരം അനുഷ്ഠിക്കുമായിരുന്നു.

എന്നാൽ അങ്ങനെയൊരു ശുശ്രൂഷയുടെ ആവർത്തനത്തെക്കുറിച്ച് അപ്പൊസ്തല പ്രവൃത്തികളിലോ കാൽ കഴുകൽ ശുശ്രൂഷയുടെ ആവശ്യകതയെക്കുറിച്ച് ലേഖനങ്ങളിലോ വ്യക്തമായ ഒരു സൂചനയുമില്ല. അതുകൊണ്ട് കേവലം ആക്ഷരികമായ ഒരു ശുശ്രൂഷയല്ല ചെയ്യുവാനായി പറഞ്ഞിരിക്കുന്നത്. ആത്മീയ നിലയിൽ കൂട്ടുസഹോദരങ്ങളെ സ്നേഹത്തിന്റെ ആത്മാവിൽ ചെയ്യുന്ന ശുശ്രൂഷകളാണ് ഇവിടുത്തെ വിവക്ഷ. നാം മറ്റുള്ളവരുടെ കാലുകൾ കഴുകുമ്പോൾ അഥവ മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുമ്പോൾ നാം ശ്രദ്ധിച്ചിരിക്കേണ്ട മൂന്ന് കാര്യങ്ങൾ ഗ്രിഫിത്ത് തോമസ്സ് എന്ന വേദപണ്ഡിതൻ നമ്മെ അനുസ്മരിപ്പിക്കുന്നു.

ഒന്നാമത്തെ നിർദ്ദേശം, മറ്റുള്ളവരെ കഴുകുന്നതിന് വളരെ ചൂടുള്ള വെള്ളം ഉപയോഗിക്കരുത് (Don't use too much hot water to wash others). ഈ നിർദ്ദേശത്തിലെ ആശയം ഗ്രഹിക്കാൻ പ്രയാസമില്ലല്ലോ. മറ്റുള്ളവരെ ശുശ്രൂഷിക്കുമ്പോൾ അവർക്കു വേദന ഉളവാകുന്ന രീതിയിൽ, പൊള്ളുന്ന അനുഭവം ഉണ്ടാക്കുന്ന രീതിയിൽ കഴുകരുത്. ഇന്നു നാം പലപ്പോഴും മറ്റുള്ളവരെ കഴുകുമ്പോൾ ഉടനടി ആശുപത്രികളിലേക്ക് പോകേണ്ട ഗതികേടല്ലെ സംഭവിക്കുന്നത്?

രണ്ടാമത്തെ നിർദ്ദേശവും ഇതുപോലെ ശ്രദ്ധേയമാണ്. മറ്റുള്ളവരെ കഴുകുന്നതിന് തണുത്തുറഞ്ഞ വെള്ളം ഉപയോഗിക്കാതിരിക്കുക (Don't use too much cold water to wash others). മറ്റുള്ളവരോടുള്ള നമ്മുടെ സമീപനരീതി, അവരോടുള്ള നമ്മുടെ സ്നേഹ പ്രകടനം, നാം അന്യോന്യം ഹസ്തദാനം ചെയ്യുന്നതു വരെ, എത്ര തണുപ്പൻ രീതിയിലാണ്. ആത്മാർത്ഥതയില്ലാതെ കേവലം പേരിനു വേണ്ടി ഒന്ന് സംസാരിച്ചാലായി. ഈ തണുത്ത പ്രതികരണം വളരെ ശോചനീയം തന്നെ. ഇന്നുള്ള തണുത്തു ഘനീഭവിച്ച രീതിയിലുള്ള നമ്മുടെ പ്രതികരണശേഷി വ്യത്യാസപ്പെടണം. നമ്മുടെ ശുശ്രൂഷ കൊണ്ട് ആത്മീകമായ ഉണർവ്വും ഉന്മേഷവും ഉണ്ടാകേണ്ടതാണ്.

മൂന്നാമത്തെ നിർദ്ദേശം, നാം മറ്റുള്ളവരെ കഴുകുന്നതിൽ ശ്രദ്ധ കാണിക്കുന്നതുപോലെ നാം മറ്റുള്ളവരാൽ കഴുകപ്പെടാൻ വിധേയപ്പെടാറുണ്ടോ? (We must be submissive to be washed by others). കൂട്ടുസഹോദരന്റെ കുറ്റവും കുറവും കണ്ടുപിടിച്ച് അതു വലുതാക്കി അവനെ മുടക്കുന്നതുവരെ എത്ര ഉത്സാഹത്തോടു കൂടെ പ്രവർത്തിക്കും. സ്വന്തജീവിതത്തിൽ താളപ്പിഴകൾ സംഭവിക്കുമ്പോൾ മറ്റുള്ളവരാൽ അതു ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ പശ്ചാത്തപിക്കുവാനോ, കുറ്റം ഏറ്റു പറയാനോ ഉള്ള വിശാലമനസ്ഥിതി നാം കാണിക്കാറുണ്ടോ? കഴുകൽ ശുശ്രൂഷ എങ്ങനെയെങ്കിലും നിർവ്വഹിച്ചാൽ പോരാ. അതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലമുണ്ടാകണം. സഹവിശ്വാസിക്ക് അതുകൊണ്ട് ആത്മീകമായി വളരാൻ സാധിക്കണം. അങ്ങനെ പ്രയോജനപ്രദമായ രീതിയിൽ മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ കർത്താവ് സഹായിക്കട്ടെ. യേശുക്രിസ്തു ഇന്നും ഈ അനുഗ്രഹീത ശുശ്രൂഷ സ്വർഗ്ഗത്തിൽ ചെയ്തുകൊണ്ടിരിക്കുന്നു എന്ന സത്യം കൂടി നാം ഓർത്തിരിക്കണം.

"*ഇതു നിങ്ങൾ അറിയുന്നുവെങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ.*" ഈ വാക്യം വളരെ ശ്രദ്ധേയമാണ്. തിരുവചനസത്യങ്ങൾ അറിയുന്നതിന് വേണ്ടി മാത്രമുള്ളതല്ല. ബുദ്ധിമൂശയുടെ അകത്തളങ്ങളിൽ മാത്രം നിറഞ്ഞുനിന്നാൽ പോരാ, അത് ജീവിതത്തിന്റെ പ്രായോഗികതലങ്ങളിലേക്ക് പടർന്നു പന്തലിക്കേണ്ടതാണ്. യാക്കോബും തന്റെ ലേഖനത്തിൽ ഈ സത്യം ഊന്നി പറയുന്നുണ്ട്. യാക്കോബ് 1:25-ൽ "*സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനിൽക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും.*" ഈ ലോകത്തിന്റെ ജ്ഞാനികൾക്കും വിവേകികൾക്കും മറഞ്ഞിരിക്കുന്ന ആത്മീയ സത്യങ്ങൾ നമുക്ക് ദൈവാത്മാവ് വെളിപ്പെടുത്തി തന്നിരിക്കുന്നത് കേവലം അറിയുന്നതിനുവേണ്ടി മാത്രമല്ല, പ്രവർത്തനപഥത്തിൽ കൊണ്ടുവന്നു ദൈവഹിതം നിറവേറ്റുന്നവരായി തീരേണ്ടതിനാണ്.

**(തുടരും)**

**ഒരുമാസ ബൈബിൾസ്കൂൾ**

**സ്ഥലം** : പുതുപ്പള്ളി ക്രിസ്ത്യൻ ബ്രദറൺ സഭാഹാൾ

**തീയതി** : 2008 ഏപ്രിൽ 21 – മെയ് 18 വരെ

പെരുമ്പാവൂർ ജി.റ്റി.സി.യുടെ ചുമതലയിലും പുതുപ്പള്ളി ക്രിസ്ത്യൻ ബ്രദറൺ അസംബ്ലിയുടെ സഹകരണത്തിലും മുകളിൽ പറഞ്ഞ സ്ഥലത്തും സമയത്തും ഒരു മാസകാലയളവിലുള്ള ഒരു വേദപഠനകോഴ്സ് മലയാളമാധ്യമത്തിൽ നടത്തപ്പെടുന്നു. ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും 8 മണിക്കൂറുകൾ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. അനുഗ്രഹീതരായ അദ്ധ്യാപകർ ക്ലാസ്സുകൾ എടുക്കുന്നു. പ്രായപരിധി 16 നും 60നും മദ്ധ്യേ. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 31. അപേക്ഷാഫോമിനും പ്രോസ്പെക്ടസിനും ബന്ധപ്പെടുക. Principal, Gospel Training Centre, IringoleP.O., Perumbavoor - 683548 എന്ന് സഭയ്ക്കുവേണ്ടി കെ.സി. സ്കറിയാ, പി. കോര ഐപ്പ് ജി.റ്റി.സി.ക്കുവേണ്ടി പി.ജി. ജെയിംസ് സെക്രട്ടറി, ഫോൺ: 9447561538.

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം-5

## V. തിമൊഥെയൊസിനുള്ള ശുശ്രൂഷ (1 തിമൊ. 1:18-20)

ജേക്കബ് തോമസ്, മാവേലിക്കര

### A. തിമൊഥെയൊസിനുള്ള കല്പന (1:18)

*"മകനേ, തിമൊഥെയൊസേ, നിന്നെക്കുറിച്ച് മുമ്പുണ്ടായ പ്രവചനങ്ങൾക്ക് ഒത്തവണ്ണം ഞാൻ ഈ ആജ്ഞ നിനക്ക് ഏല്പിക്കുന്നു, നീ വിശ്വാസവും നല്ലമനസാക്ഷിയും ഉള്ളവനായി അവയെ അനുസരിച്ച് നല്ല യുദ്ധസേവ ചെയ്ക"*

ഏറ്റവും ഉത്തമമായ പൈതൃകവും അതിനേക്കാൾ മേല്ത്തരമായ സാക്ഷ്യവും പ്രവർത്തനവും - അതായിരുന്നു തിമൊഥെയൊസിന്റെ ജീവിതം. തന്റെ പിതാവ് ഒരു ജാതീയനായിരുന്നു. എന്നാൽ അമ്മ യൂനിക്കയിൽ നിന്നും വലിയമ്മ ലോവീസിൽ നിന്നും ദൈവഭക്തിയുടെ പാഠങ്ങൾ പഠിച്ചു (2 തിമൊ. 1. 5). ദൈവമനുഷ്യനെന്ന് അപ്പൊസ്തലനായ പൗലൊസ് പോലും അഭിസംബോധന ചെയ്യത്തക്ക നിലിയിൽ ലുസ്ത്രക്കാരനായ തിമൊഥെയൊസ് ആത്മീയ കാര്യങ്ങളിലും ദൈവിക പ്രവർത്തനങ്ങളിലും ശുഷ്കാന്തിയുള്ളവനായിരുന്നു. ചെറുപ്പത്തിൽ തന്നെ പഴയനിയമഗ്രന്ഥങ്ങൾ പഠിക്കുവാൻ അവസരം കിട്ടിയ വ്യക്തിയായിരുന്നു തിമൊഥെയൊസ് (2 തിമൊ. 3:14,15). ദൈവവചനം ഗ്രഹിക്കുവാനും അതിനനുസരിച്ച് ആത്മികമായി വളരുവാനും അവസരമുള്ള എത്ര യുവാക്കളാണ് ഇന്ന് ദൈവമില്ലാതെ ജീവിക്കുന്നത്. തിമൊഥെയൊസ് ആ നിലയിലുള്ള വ്യക്തികൾക്ക് ഒരു വലിയ വെല്ലുവിളിയാണ്.

ഏകദേശം 24 തവണ തിമൊഥെയൊസിന്റെ പേര് പുതിയനിയമത്തിൽ കാണുന്നു. പൗലൊസിന്റെ ഒന്നാമത്തെ മിഷനറി യാത്രയിൽ തിമൊഥെയൊസ് രക്ഷിക്കപ്പെട്ടു എന്നാണ് കരുതപ്പെടുന്നത്. നല്ല സാക്ഷ്യം പ്രാപിച്ച ഈ യുവാവിനെ തന്നോടൊപ്പം പോരുവാൻ പൗലൊസ് പ്രേരിപ്പിക്കുന്നു. തിമൊഥെയൊസിന്റെ വിലയേറിയ ശുശ്രൂഷകൾ ദൈവവചനത്തിൽ അവിടവിടെയായി രേഖപ്പെടുത്തിയിരിക്കുന്നു. തെസ്സലൊനിക്യ, ഫിലിപ്പി, എഫെസൊസ് എന്നീ സ്ഥലങ്ങളിൽ താൻ ക്രിസ്തുവിന്റെ വേല നിവർത്തിച്ചു. പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക: തിമൊഥെയൊസിന് ഒരു യുദ്ധ സേവ ചെയ്യേണ്ടതായുണ്ട്. ഒരു പടയാളി രാജ്യത്തിനു വേണ്ടി എന്തും സഹിക്കുവാൻ തയ്യാറുള്ളവനായിരിക്കണം. ഒരു പടയാളി തന്റെ ദൗത്യം നിറവേറ്റുമ്പോൾ ജീവനകാര്യങ്ങളാൽ വ്യതിചലിച്ച് പോകുവാൻ പാടില്ല. തിമൊഥെയൊസ് ക്രിസ്തുവിന്റെ ഒരു നല്ല പടയാളിയായിരുന്നു എന്ന് പിൽക്കാല ചരിത്രം തെളിയിക്കുന്നു. പൗലൊസ് ഫിലിപ്പ്യർക്ക് ലേഖനമെഴുതുമ്പോൾ, തിമൊഥെയൊസിന്റെ വിശിഷ്ടമായ ഗുണവിശേഷങ്ങൾ വിവരിക്കുന്നു. പൗലൊസിനെപ്പോലെ ആത്മാർത്ഥമായി വിശ്വാസികളെ കരുതുന്ന തുല്യചിത്തനായ ദൈവവേലക്കാരനായിരുന്നു തിമൊഥെയൊസ് (ഫിലി. 2. 20).

### B. തിമൊഥെയൊസിനുള്ള മുന്നറിയിപ്പ് (1:19,20)

*"ചിലർ നല്ല മനസാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസക്കപ്പൽ തകർന്ന് പോയി. ഹുമനയോസും അലെക്സന്തരും ഈ കൂട്ടത്തിലുള്ളവർ ആകുന്നു. അവർ ദൂഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിന് ഞാൻ അവരെ സാത്താനെ ഏല്പിച്ചിരിക്കുന്നു."*

ദൈവവചനത്തിൽ നമുക്ക് മാതൃകയാക്കുവാൻ മതിയായ അനേക വിശ്വാസവീരന്മാരുടെ ചിത്രങ്ങൾ മാത്രമല്ല, നമുക്ക് മുന്നറിയിപ്പ് നൽകുന്ന അനേകം ദൃഷ്ടാന്തങ്ങളെക്കുറിച്ചും വ്യക്തികളെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ വിശ്വാസത്തിൽ നിന്ന് വഴിമാറി സഞ്ചരിച്ച രണ്ട് വ്യക്തികളെ പൗലൊസ് എടുത്തു കാണിക്കുന്നു. ഹുമനയോസും അലെക്സന്തരും. ഇവർ രണ്ടുപേരും ക്രിസ്തീയ ഉപദേശത്തിന്റെ കാതലായ സത്യങ്ങളിൽ നിന്ന് വ്യതിചലിച്ചുപോയി. തെറ്റുകുറ്റങ്ങൾ മനുഷ്യജീവിതത്തിൽ സഹജമാണ്. എന്നാൽ ഉപദേശത്തിന്റെ പ്രധാന സത്യങ്ങളെ നിരാകരിക്കുന്നത് ഒരു വലിയ തെറ്റായി പൗലൊസ് കണ്ടിരുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിൽ വീഴ്ച വന്നാൽ മാനസാന്തരപ്പെട്ട് ദൈവത്തോടും സഭയോടും നിരപ്പ് പ്രാപിക്കേണ്ടതാണ്. എന്നാൽ ഹുമനയോസും അലെക്സന്തരും ദൂഷണം പറയുവാനായിട്ടാണ് ശ്രമിച്ചത്. അവരുടെ വീഴ്ചയെ തകർന്ന ഒരു കപ്പലിനോടാണ് പൗലൊസ് ഉപമിക്കുന്നത്. ഒരു വ്യക്തി ദൈവവചനത്തിന്റെ സത്യങ്ങളെ നിരാകരിക്കുന്നത് ഇന്ന് വളരെ ലാഘവബുദ്ധിയോടെയാണ് കാണുന്നത്. എന്നാൽ ഇത് എത്ര വലിയ അപകടകരമായ അവസ്ഥയാണ് എന്ന് ഈ ദൃഷ്ടാന്തം വ്യക്തമാക്കുന്നു.

20-ാം വാക്യത്തിൽ സാത്താനെ ഏല്പിക്കുക എന്ന പ്രയോഗം രണ്ടു നിലയിലാണ് വ്യഖ്യാനിക്കപ്പെട്ടിട്ടുള്ളത്. ഒന്നാമതായി, സാത്താനാണ് മനുഷ്യന്റെ എല്ലാവിധ വേദനകൾക്കും കാരണം; അതുകൊണ്ട് സാത്താൻ അവരെ കൂടുതൽ ശാരീരികമായി പീഡിപ്പിക്കുവാനായി അവരെ സാത്താന് ഏല്പിച്ചുകൊടുക്കുക. രണ്ടാമതായി, സഭ പ്രധാനമായും ദൈവത്തിന്റെ അധികാരമേഖലയാണ്; ലോകം ഒരു നിലയിൽ സാത്താന്റെ സ്വാധീനത്തിലുള്ള മേഖലയാണ്. അതുകൊണ്ട് തെറ്റിപ്പോയ വ്യക്തിയെ സഭയിൽ നിന്ന് മാറ്റി ലോകത്തിൽ ജീവിക്കുവാൻ വിടുമ്പോൾ അവൻ ദൈവിക ശിക്ഷണം അനുഭവിക്കുകയും അത് മാനസാന്തരത്തിലേക്ക് തിരിയുവാൻ പ്രേരകമായി തീരും എന്നുള്ള വ്യാഖ്യാനമാണ്. ഈ വ്യാഖ്യാനമാണ് ദൈവവചനത്തിന് അനുസരണമായിട്ടുള്ളത്.

**(തുടരും)**

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം. 97 - ഉത്തരം

**വിഷയം : ഉല്പത്തിയിലെ ആരംഭവും വെളിപ്പാടിലെ അവസാനവും**

**വായനഭാഗം** : ഉല്പ. 1,2,3 വെളിപ്പാട് 20, 21, 22

| ഉല്പത്തി | വെളിപ്പാട് |
|---|---|
| I. ഉല്പ-1:1, 2:4 ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.<br>ഒ.വാ. 1) പുറ. 20:11, 31:17. ആറുദിവസം കൊണ്ട് യഹോവ ആകാശവും ഭൂമിയും ഉണ്ടാക്കി. 2)സങ്കീ. 115 :15, 121:1, 124:8, 134:3. ആകാശത്തേയും ഭൂമിയേയും ഉണ്ടാക്കിയ യഹോവ. 3) യെശ 45:12, വെളി. 10:7 ഞാൻ ഭൂമിയെ ഉണ്ടാക്കി. | I. വെളി. 21:1 ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി.<br>ഒ.വാ. 1) യെശ. 65:17 ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു. 2) 2 പത്രൊ. 3:10,11,13. ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും. ഭൂമിയും അതിലുള്ളതൊക്കെയും വെന്തുപോകും. നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ഭൂമിക്കായി കാത്തിരിക്കുന്നു. 3) വെളി. 20:11 അവന്റെ സന്നിധിയിൽ നിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി. പിന്നെ അവയെ കണ്ടില്ല. |
| II. ഉല്പ. 1:10 വെള്ളത്തിന്റെ കൂട്ടത്തിന് സമുദ്രം എന്ന് പേരിട്ടു. | II. വെളി. 21:1. സമുദ്രം ഇനി ഇല്ല. |
| III. ഉല്പ. 1:5 ഇരുളിന് രാത്രി എന്നു പേരിട്ടു. | III. വെളി. 22:5. ഇനി രാത്രി ഉണ്ടാകയില്ല.<br>ഒ.വാ. വെളി. 21:25 രാത്രി അവിടെ ഇല്ലല്ലോ. |
| IV. ഉല്പ. 1:16 പകൽ പ്രകാശിപ്പാൻ സൂര്യനേയും രാത്രിയിൽ പ്രകാശം കൊടുക്കുവാൻ ചന്ദ്രനേയും ദൈവം ഉണ്ടാക്കി. | IV. വെളി.21:23. സൂര്യനും ചന്ദ്രനും ആവശ്യമില്ല. കർത്താവ് അതിന്റെ വിളക്ക്.<br>ഒ.വാ. 1) യെശ 60:19-20 യഹോവ നിന്റെ നിത്യപ്രകാശമായിരിക്കും. 2) 2 കൊരി. 3:18 നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു. |
| V. ഉല്പ.2:17 നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും.<br>ഒ.വാ. റോമ. 5:12. ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. | V. വെളി. 21:5. ഇനി മരണമുണ്ടാകയില്ല.<br>ഒ.വാ. 1) യോഹ. 3:16,36 തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. 2) റോമ. 6:23 യേശു ക്രിസ്തുവിൽ നിത്യജീവൻ. 3) യെശ 25:8 മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും. |
| VI. ഉല്പ. 3:17 ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു.<br>ഒ.വാ. 1) ഉല്പ 5:29, യഹോവ ശപിച്ച ഭൂമി. 2). യെശ 24:6 ഭൂമി ശാപഗ്രസ്തമായി. | VI. വെളി. 22:3 യാതൊരു ശാപവും ഇനി ഉണ്ടാകയില്ല.<br>ഒ.വാ. 1) വെളി. 21:5 ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല. 2) യെശ 35:10 നിത്യാനന്ദം അവരുടെ തലമേൽ ഇരിക്കും. ദുഃഖവും നെടുവീർപ്പും ഓടിപ്പോകും. |
| VII. ഉല്പ. 3:1-5 സാത്താൻ മനുഷ്യനെ വഞ്ചിക്കുന്നു. (5 വാക്യങ്ങളുടെ സംഗ്രഹം) | VII. വെളി.19:20, 20:10 സാത്താനെ ഗന്ധകപ്പൊയ്കയിലേക്ക് തള്ളിയിടും |
| VIII. ഉല്പ.3:22-24. ജീവവൃക്ഷത്തിൽ നിന്ന് അകറ്റി | VIII. വെളി.22:2 ജീവവൃക്ഷം ഫലം കൊടുക്കുന്നു. |
| IX. ഉല്പ.3:23 മനുഷ്യൻ ദൈവസന്നിധിയിൽ നിന്ന് പുറത്ത് | IX. വെളി. 22:4. വിശുദ്ധന്മാർ അവന്റെ മുഖം കാണും. അവന്റെ നാമം അവരുടെ നെറ്റിയിൽ<br>ഒ.വാ.വെളി. 7:15 വിശുദ്ധന്മാർ ദൈവ സിംഹാസനത്തിൻ മുമ്പിൽ ഇരുന്ന് രാപ്പകൽ അവനെ ആരാധിക്കുന്നു. |

## ജയിച്ചവരുടെ പേരു വിവരം

1. ജയിനമ്മ ശാമുവേൽ, തിരുവനന്തപുരം 133
2. വത്സമ്മ ജെയിംസ്, ഡമാം 131
3. സുനി ഷാജി, ഡമാം 129
4. ഏലിയാമ്മ കോശി, ബാംഗ്ലൂർ 124
5. കുഞ്ഞമ്മ വർഗീസ്, സൂററ്റ് 119
6. മേരി ജേക്കബ്, കല്ലിശ്ശേരി 118
7. ആലീസ് കോര, പുതുപ്പള്ളി 117
8. ആലീസ് സാം , സീബ് 117
9. നിസ്സി ബീം, മീനങ്ങാടി 110
10. ശോശാമ്മ വർഗീസ്, പാലാരിവട്ടം 109
11. വത്സമ്മ തോമസ്, ഝാൻസി 109
12. സാറാമ്മ തോമസ്, കോട്ടയം 108
13. തങ്കമ്മ ദാനിയേൽ, തൃശൂർ 108
14. അമ്മിണി തോമസ്, പുല്ലാട് 105
15. ഏലിയാമ്മ തോമസ്, രാജകുമാരി 103
16. ലീലാമ്മ നെൽസൺ, വെങ്ങോല 101
17. ചിന്നമ്മ ശാമുവൽ, മുംബൈ 101
18. കെ.എസ്. ശാമുവൽ, പുറമറ്റം 100
19. ജസ്സി സാം, റാന്നി 100
20. പി.റ്റി. ഫിലിപ്പ് ബാംഗ്ലൂർ 100

## ANNEXURE

I, C.A. George declare that I am the publisher of the News paper entitled Athma Prakashini to be printed and published at Kumbanad and the particulars in respect of the news papers given hereunder are true to the best of my knowledge and belief.

| | | |
|---|---|---|
| 1. | Tittle of the news Paper | : Athma Prakashini |
| 2. | Languages (s) in which it is (To be published) | : Malayalam |
| 3. | Periodicity of the publication | |
| a. | Whether, Daily, Triweekly, fortnightly or other wise | : Monthly |
| b. | In the case news paper other than a daily please state whether the days (date which it is to be published) | : 10th of every month |
| 4. | Retail selling price of the news paper is for free distribution please state that it is for free distribution | : Rs.50/- Annually |
| 5. | Publisher's name | : C.A.George |
| 6. | Printer's name | : C.A.George |
| 7. | Place of Publication (Please give the complete address) | : Kumbanad |
| 8. | Names (s) of the printing press whether the printing is to be conducted and the true and description of premises on which the press(es) is /are installed. | : Excel Offset Printers, Omallor |
| 9. | Editors Name (s) | : K.A. Philip, Dr. K.C. Johnson Dr. O.M.Samuel |
| a. | Please state the particulars of individuals or of the firm joint stock companies trust Co-operative societies Association which owned the news paper. | : Athmaprakashini Publications Kumbanad 689 547 |
| 10. | Please state the decleration in respect of | |
| | a) News Paper, b) an existing, c) Incase the declaration falls under d) The reason for filling the fresh declaration. | : Existing |
| 11. | Designation | : Sd/ C.A.George Publisher |

Kumbanad
10-03-08

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കൊക്കയാർ:** ബഥേൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ചുമതലയിൽ കൊക്കയാറിൽ ആരംഭിച്ച അനാഥാലയത്തിൽ റോയി മാത്യു (മൈലപ്ര) ട്രസ്റ്റ് മെമ്പറായും അഡ്മിനിസ്ട്രേറ്ററായും 2008 ജനു. മുതൽ ചുമതലയേറ്റിരിക്കുന്നു. ഇപ്പോൾ 11 കുട്ടികൾ ഈ സ്ഥാപനത്തിൽ താമസിച്ച് പഠിക്കുന്നു. അവർ കൊക്കയാർ ബ്രദറൺ സഭയിൽ കൂടിവരവുകളിൽ പങ്കെടുത്തുവരുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. ഐസക് വി. ജോൺ, വടക്കിനേത്ത് ജിംസ് കോട്ടേജ്, പാറത്തോട് പി.ഒ. 686512, എന്ന് ഐസക് വി. ജോൺ, സാമുവേൽ റ്റി. ഫിലിപ്പ്.

**കുന്നയ്ക്കൽ :** 2007 നവം.26-ഡിസം.2 വരെ തിരുവനന്തപുരം കരീക്കറത്തല ബഥേൽ ബ്രദറൺ സഭയുടെയും സുവി. ജി. മുരളീധരൻ നായരുടെയും സഹകരണത്തിലും 2007 ഡിസം.4-7 വരെ തമിഴ്നാട്ടിലെ നാഗമലാത് കോട്ടയിലുള്ള പി.പി. പ്രസന്നനോടു ചേർന്നും 2007 ഡിസം. 27-29 വരെ ഹൈറേഞ്ചിലെ കമ്പംമെട്ടിൽ പി.ഡി. വർഗീസിന്റെ പുതിയ പ്രവർത്തന സ്ഥലത്തും പ്രവർത്തിക്കാൻ ഇടയായി. രാത്രിയോഗങ്ങൾ, ഭവന സന്ദർശനങ്ങൾ, പരസ്യയോഗങ്ങൾ ബൈബിൾ ക്ലാസുകൾ എന്നിവയാണ് പ്രധാന പരിപാടികൾ. തമിഴ്നാട്ടിലും കേരളത്തിലും പ്രവർത്തനങ്ങൾ തുടരുന്നു. ഇ.ജി.എമ്മിനെ ഓർത്തു പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ. E.G.M.നു വേണ്ടി ജോർജ് കെ.ജെ., കൊല്ലംകുടിയിൽ കുന്നയ്ക്കൽ പി.ഒ., മൂവാറ്റുപുഴ - 682316.

**ഇടുക്കി :** 2008 ജനു. 8,9,10 ന് മുരിക്കാശ്ശേരിയിലും പരിസരപ്രദേശങ്ങളിലും സുവിശേഷ പ്രവർത്തനങ്ങൾ നടന്നു. കെ.വി. തോമസ്, തോമസ് നൈനാൻ, ശമുവേൽ റ്റി. ഫിലിപ്പ്, തോമസ് ഈറകുഴ തുടങ്ങിയവർ നേതൃത്വം നൽകി. പലരും താല്പര്യമുള്ളവരായി മുമ്പോട്ട് വന്നിട്ടുണ്ട്. തുടർന്നും പ്രാർത്ഥനയിൽ ഓർക്കണമേ. എന്ന് റോയി പൗലൊസ്.

**കിളിമാനൂർ :** 8 പേർ കൊട്ടാരക്കര കൺവൻഷനോടുള്ള ബന്ധത്തിൽ വിശ്വാസ സ്നാനം സ്വീകരിച്ച് സഭയോട് ചേർന്ന് കർത്താവിനെ ആരാധിക്കുന്നു. അവരുടെ നിലനിൽപിനായി ദൈവജനം പ്രാർത്ഥിക്കണം. എന്ന് എസ്. ലോറൻസ്, പി.ജി. ജോർജ്

**പണിക്കൻകുടി** : വൈ.എം.ഇ.എഫ് ഹൈറേഞ്ച് ഡിവിഷന്റെ ചുമതലയിൽ ഫീബയുടെ സഹകരണത്തോടെ ഇവിടെ താമസിച്ചുകൊണ്ട് കൊമ്പൊടിഞ്ഞാൽ, മുനിയറ, തിങ്കൾക്കാട്, പെരിഞ്ചാംകുട്ടി, മുള്ളരിക്കുടി, പാറത്തോട്, കമ്പിളികണ്ടം എന്നീ സ്ഥലങ്ങളിലായി സഭാസ്ഥാപനം ലക്ഷ്യമിട്ട് ആരംഭിച്ച പ്രവർത്തനങ്ങൾ 30 ദിവസങ്ങൾ പിന്നിട്ടു. ഭവനസന്ദർശനം, പരസ്യയോഗങ്ങൾ, ബൈബിൾക്ലാസ്സ്, രാത്രിയോഗങ്ങൾ, ഫിലിംപ്രദർശനം എന്നീ പ്രവർത്തനങ്ങൾ നടക്കുന്നു. വചനം കേട്ട പലരും രക്ഷിക്കപ്പെട്ട് പുതിയ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഇതുവരെയുള്ള പ്രവർത്തനങ്ങൾക്ക് 40,000 രൂപയോളം ചെലവായിട്ടുണ്ട്. സഹോ. അജി സി. ഫിലിപ്പ് കുടുംബമായി താമസിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രതിമാസം 1000 രൂപാ വാടകയിൽ ഒരു വീട് താമസത്തിനായി എടുത്തിട്ടുണ്ട്. ചില കൂടിവരവുകൾ ഉണ്ടാകുവാൻ പ്രത്യേകം പ്രാർത്ഥിക്കുകയും സാമ്പത്തിക ആവശ്യങ്ങളിൽ കൈത്താങ്ങലേകുകയും ചെയ്യണമെ. കൂട്ടായ്മ അയയ്ക്കേണ്ട വിലാസം - Y.M.E.F (H.D)A/c No.104157-44173 ട്രഷറർ കെ.കെ. സന്തോഷ്കുമാർ, കൃപാഭവൻ, നെറ്റിത്തൊഴു പി.ഒ-685551 കത്തിടപാടുകൾക്ക് : Y.M.E.F (H.D)P.B. No.2 Kallar P.O, Idukki - 685552. എന്ന് പ്രസിഡന്റ് വി.എം. പോൾ, ട്രഷറാർ കെ.കെ. സന്തോഷ്കുമാർ, സെക്രട്ടറി ലാലു വി. ഏബ്രഹാം.

## രോഗികൾ

**കടമ്പനാട്** : സുവി. ഡി. ജോർജിന്റെ നട്ടെല്ലിനു താഴെയുള്ള കശേരുവിനുണ്ടായ അകൽച്ചയും തേയ്മാനവും മൂലം വളരെ ഭാരപ്പെടുന്നു. 5 വർഷമായി ഹാർട്ടിനും ഷുഗറിനും ചികിത്സയുണ്ട്. ഭാര്യയുടെ വാൽവ് മാറ്റി വെച്ചിട്ട് ഒരു വർഷം കഴിഞ്ഞു. ഷുഗർ കൂടുതലാണ്. എല്ലാ മാസവും പി.റ്റി. ടെസ്റ്റിനും മരുന്നിനുമായി 1000 രൂപയിലധികം ചെലവുണ്ട്. ദൈവജനത്തിന്റെ പ്രാർത്ഥനാ സഹകരണം ആവശ്യമായിരിക്കുന്നു. എന്ന് സുവി. ഡി. ജോർജ്, കൊച്ചുവിള, പുത്തനമ്പലം പി.ഒ., കടമ്പനാട് - 691553

**ളാക്കാട്ടൂർ** : ഈ സഭാംഗമായ മഠത്തിൽ മറിയാമ്മ ക്യാൻസർ രോഗത്തിന് ചികിത്സയിൽ തുടരുന്നു. ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക. എം.എം. മാത്യു, മഠത്തിൽ ഹൗസ്, ളാക്കാട്ടൂർ പി.ഒ., കോട്ടയം.

**വേങ്കോട്** : 2007 ഡിസം. മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നതുപോലെ സുവി. ലൂക്കോസിന്റെ സർജറി ജനു. 29 ന് വിജയകരമായി നടന്നു. ഇതിനായി പ്രാർത്ഥിക്കയും സാമ്പത്തിക കൂട്ടായ്മ നൽകുകയും ചെയ്ത എല്ലാ ദൈവമക്കൾക്കും സഭയായുള്ള നന്ദി രേഖപ്പെടുത്തുന്നു. ചികിത്സയിൽ തുടരുന്ന സഹോദരനെയും ഇവിടെയുള്ള സഭയേയും ശുശ്രൂഷകളെയും ഓർത്ത് പ്രാർത്ഥിക്കുക. സഹോദരന്റെ വിലാസം: N.Lukose (Evg), Hebron Brethren Assembly, Vencode, Cheriyakolla Post, Trivandrum 695504. എന്ന് എം. യോഹന്നാൻ, റ്റി. നോബർട്ട്

**ഏനാത്ത്** : ബ്രദറൺ സഭയിലെ സഹോദരി ശാരോയുടെ മകൻ ക്രിസ്റ്റി രാജ് (9 Std) ചില നാളുകളായി വിട്ടുമാറാത്ത പനി അനുഭവപ്പെടുകയും വിദഗ്ധപരിശോധനയിൽ ഹാർട്ടിന്റെ ഒരു വാൽവിന് തകരാറുണ്ടെന്ന് കണ്ടെത്തുകയും തുടർന്ന് ഹാർട്ടിന് ഒരു ബൈപാസ് ഓപ്പറേഷൻ ആവശ്യമാണെന്ന് പറയുകയും ചെയ്തു. ആയതിന്റെ ചെലവിലേക്ക് ഒരു ലക്ഷം രൂപാ ആവശ്യമാണ്. ഈ കുടുംബം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതും കുട്ടിയുടെ മാതാവ് കശുവണ്ടി ഫാക്ടറിതൊഴിൽ ചെയ്തു കുടുംബം പോറ്റുകയും ചെയ്തുവരികയാണ്. ഭർത്താവ് സഹോദരിയെ ഉപേക്ഷിച്ചു പോവുകയും ചെയ്തു. ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സാമ്പത്തിക കൂട്ടായ്മയും അപേക്ഷിക്കുന്നു. ഏനാത്ത് കോ-ഓപ്പറേറ്റീവ് ബാങ്ക്-A/c No. 5675 എന്ന് ഡി. യോഹന്നാൻ, പി.എം. ജോസഫ്, വൈ. ശാമുവേൽ. വിലാസം D. Yohannan, Ottathengil House, Thazhathuvadakku P.O., Enath 691526

## കൺവൻഷൻ, ക്യാമ്പ്

**കുമ്പനാട്** : കുമ്പനാട്ടു സെന്റർ സോദരീസമാജത്തിന്റെ ചുമതലയിൽ വർഷംതോറും 12 വയസ്സിനുമേൽ പ്രായമുള്ള യുവസഹോദരിമാർക്കായി നടത്താറുള്ള

വിമൻസ് ബൈബിൾ ക്യാമ്പ് ഈ വർഷവും മാർച്ച് 31- ഏപ്രി. 5 വരെയും പ്രാർത്ഥനാ സമ്മേളനം മെയ് 8-10 വരെയും കുമ്പനാട് ബ്രദറൺ സഭാഹാളിൽ വെച്ച് നടത്തപ്പെടുന്നതാണ്. ഈ സമ്മേളനങ്ങളിലേക്ക് എല്ലാ സഹോദരിമാരെയും കർത്തൃനാമത്തിൽ ക്ഷണിച്ചു കൊള്ളുന്നു. ക്യാമ്പിൽ റ്റി.എസ്. ജെയിംസ്, നോയിഡ, പ്രാർത്ഥനാ സമ്മേളനത്തിൽ ജോയമ്മ ശമുവേലും ബൈബിൾ ക്ലാസ്സുകളെടുക്കുന്നതാണ്. സോദരീ സമാജത്തിനുവേണ്ടി ഗ്രേസ് ഡേവിഡ് സെക്രട്ടറി.

**ശബരിമാങ്കൽ** : എസ്.പി.എസ്. ഫണ്ട് സ്ഥലം സഭകൾ ചേർന്ന് ആണ്ടുതോറും നടത്തിവരാറുള്ള 13-ാമത് കൺവൻഷൻ 2008 ഏപ്രിൽ 2- 6 വരെ ശബരിമാങ്കൽ എൻ.എം.എൽ.പി. സ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്. **പ്രസംഗകർ** : പ്രഫ. മാത്യൂസ് ഏബ്രഹാം, ചാണ്ടപ്പിള്ള ഫിലിപ്പ്, പി.വി. ബെഞ്ചമിൻ, പി.എം. ജോർജുകുട്ടി. ഏവരുടേയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. കൺവൻഷൻ കമ്മറ്റിക്കുവേണ്ടി, കൺവീനർ ഈട്ടിക്കൽ കുഞ്ഞുമോൻ, കരിക്കം പി.ഒ., കൊട്ടാരക്കര, 691531

**വിമൻസ് ബൈബിൾ ക്യാമ്പ് 2008 നെല്ലിക്കുന്ന്**

**സ്ഥലം** : സീയോൻ ബ്രദ്റൺ ചർച്ച്, നെല്ലിക്കുന്ന്
**തീയതി** : 2008 ഏപ്രിൽ 7 ന് 3.30 മതൽ 11 ന് 3.30 വരെ
**പ്രായം** : 14 വയസ്സുമുതൽ പ്രായമുള്ളവർക്ക്
**ക്യാമ്പ് ലീഡേഴ്സ്** : അനിയൻ വർഗ്ഗീസ്, പ്രഭാരാജൻ
**ക്യാമ്പ് ഫീസ്** : 50 രൂപ. വരുന്നവർ ബൈബിൾ, പാട്ടുപുസ്തകം, നോട്ടുപുസ്തകം, പേന മുതലായവ കൊണ്ടുവരണം. കൂടുതൽ വിവരങ്ങൾക്ക് Mrs. Mariyamma James (convener), Cheeran House, Nellikkunnu, Thrissur-5, Ph: 0487 2427957.

**ബുക്കാറോ സ്റ്റീൽ സിറ്റി** : 2008 ഏപ്രി. 25,26,27 ന് സുവിശേഷയോഗങ്ങൾ നടക്കുന്നതായിരിക്കും. പ്രസംഗകർ ജോൺസ് ചെറിയാൻ, സാം സക്കറിയ, ലിയോ ജോൺ, കെ. ഗോപാലകൃഷ്ണൻ എന്നിവരായിരിക്കും. സംഗീത ശുശ്രൂഷ ഉണ്ടായിരിക്കും. സാമ്പത്തിക ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ. കെ. ഗോപാലകൃഷ്ണൻ, Qr. No. 2147/IV A, Sector IV B.S. City 827004.

**സോദരീ ഭവൻ കൊല്ലം**

ബൈബിൾ സ്കൂൾ & സിസ്റ്റേഴ്സ് കോൺഫ്രൻസ്- എല്ലാവർഷവും നടത്തിവരുന്ന 3 ആഴ്ചത്തെ ബൈബിൾ സ്കൂൾ ഏപ്രിൽ 5-26 വരെയും സിസ്റ്റേഴ്സ് കോൺഫ്രൻസ് ഏപ്രിൽ 28-30 വരെയും നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. എന്ന് സോദരീഭവനു വേണ്ടി ജോയിസ് മാത്യു.

**തൃശൂർ** : ഈ വർഷത്തെ മഹായോഗം മാർച്ച് 16-23 വരെ നടക്കുന്നതാണ്. വർഗീസ് കുര്യൻ, ഡോ. ജോസഫ് മധുരം, ജോസ് മാങ്കുടി, ബിനു മാത്യു എന്നിവർ വചന ശുശ്രൂഷക്കായി ഉണ്ടായിരിക്കും. രാത്രികളിൽ സുവിശേഷ യോഗങ്ങളും തിങ്കൾ - ശനി വരെ രാവിലെ തോറും ബൈബിൾ ക്ലാസ്സുകളും ഉണ്ടായിരിക്കും. പ്രത്യേകം പ്രാർത്ഥിക്കണം. എന്ന് എം.എ. ജോസ്, ബെന്നി മാത്യു.

## വിവിധ വിഷയങ്ങൾ

**വൈ.എം.ഇ.എഫ് ഹൈറേഞ്ച് ഡിവിഷൻ** : 6-2-08ൽ അന്യാർതൊളു സഭാഹാളിൽ വച്ചു നടന്ന Y.M.E.F. (H.D.)യുടെ ജനറൽ ബോഡി മീറ്റിംഗിൽ അടുത്ത 2 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് - എം.കെ. സണ്ണി, വൈ. പ്രസിഡന്റ് - എ. മാത്തുക്കുട്ടി, സെക്രട്ടറി - ഇ.എസ്. റെജി, ജോ. സെക്രട്ടറി - പി.ജെ.ജോസ്, ട്രഷറർ - എം.കെ.ജോയൽ എന്ന് പ്രസിഡന്റ് വി.എം. പോൾ, സെക്രട്ടറി - ലാലു വി. ഏബ്രഹാം.

**കട്ടപ്പന** : സത്യം തിയോളജിക്കൽ സെമിനാരിയുടെ അടുത്ത ബാച്ച് 2008 ജൂണിൽ ആരംഭിക്കുന്നു. 3 വർഷ കോഴ്സ് - (B.Th), യോഗ്യത +2, മാദ്ധ്യമം ഇംഗ്ലീഷ്, സെക്കുലർ B.A or B.Com ഡിഗ്രിയും ചെയ്യുവാനുള്ള അവസരം ഉണ്ട്. +2 വിജയിക്കാത്തവർക്ക് ഡിപ്ലോമാ ഇൻ തിയോളജി (D.Th) സർട്ടിഫിക്കറ്റ് നൽകുന്നതാണ്. അപേക്ഷാ ഫോറത്തിനും പ്രോസ്പെക്ടെസിനും എഴുതുക. സത്യം തിയോളജിക്കൽ സെമിനാരി, കട്ടപ്പന സൗത്ത് പി.ബി.നം. 6, കട്ടപ്പന, ഇടുക്കി - 685 515.

**ശബരിമാങ്കൽ** : വൈ.എം.ഇ.എഫ്. ശബരിമാങ്കൽ സെന്റർ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ഈട്ടിക്കൽ കുഞ്ഞുമോൻ, സെക്രട്ടറി എം.എൽ തോമസ്, ട്രഷറർ ഒ.പി. ജോയി, വൈസ് പ്രസിഡന്റ് - പി.ജെ.മാത്യു, ജോ. സെക്രട്ടറി കെ.എം.തമ്പി. വിലാസം എം.എൽ. തോമസ്, മരുതുവേലിൽ, തെള്ളിയൂർ പി.ഒ. വെണ്ണിക്കുളം 689547 വൈ.എം.ഇ.എഫ്. ശബരിമാങ്കൽ സെന്ററിനു വേണ്ടി പ്രസിഡന്റ് ഈട്ടിക്കൽ കുഞ്ഞുമോൻ, സെക്രട്ടറി എം.എൽ തോമസ്.

**Gujarat Brethren Bible Institute (G.B.B.I)**

1. 1 year certificate course (C.Th) Medium - Hindi & English. Seats 8 only
2. Diploma in Theology (Dip. Th)- Medium - Hindi & English.Seats 8 only. (Those who have completed Theological studies for 1 year in any other Bible Institutes can join to this course. Free boarding and lodging. Next batch will commence from 20th June 2008. Write for application form Director, GBBI Plot.No. 147, Sector.7 Gandhidham. 370201. Kutch.

RN.No. 36067/ 81
Postal Reg. No. KL/TLA/44/2006-08 dt. 09-09-
ആത്മപ്രകാശിനി
If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547
Printed and Published by
C.A.George